
Registered No. M-4485 Madras War Review, Malayalam—22-6-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂൺ 22-ാംനു, വെള്ളിയാഴ്ച [ലക്കം 40



## അമൂല്യ സമ്പത്ത്

**ഇന്ത്യൻ** സേനയിലെ ഒരാഫീസർ ആയിരിക്കുന്നതിൽ എനിക്കുള്ള അഭിമാനം ഈ പര്യടനത്തിന്നുശേഷം പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടു്.

**അവരുടെ** ആത്മാഭിമാനം, അച്ചടക്കം, സ്വഭാവം, ധൈര്യം, ഇവയെല്ലാവരാലും പ്രശംസിക്കപ്പെട്ടിട്ടുണ്ടു്.

**അവരുടെ** രാജ്യത്തിന്നു ഇവർ ഒരമൂല്യ സമ്പത്താണു്. ഈ നാട് ഈ വാസ്തവം ഗ്രഹിക്കുകയും, അവർ മടങ്ങിവരുമ്പോൾ അതിന്നുള്ള ശ്ലാഘയും ചാരിതാർത്ഥ്യവും പ്രദർശിക്കുമെന്നും ഞാൻ കരുതുന്നു.

—സർ ക്ലാഡ് ആക്കിൻലക്ക്, ഇന്ത്യൻ സർവ്വസൈന്യാധിപൻ 1945 ജൂൺ 16-ാം തിയ്യതി ഡൽഹിയിൽ വെച്ചുണ്ടായ ഒരു പത്രസമ്മേളനത്തിൽ

# ഇന്ത്യൻ ജനങ്ങളോട് ഒരഭ്യർത്ഥന

ബ്രി: ഇന്ത്യയിലെ ഭരണകാര്യത്തിൽ പങ്കെടുക്കുന്നതിന്നായി ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കളെ ക്ഷണിക്കുന്നതിന്നായി എൻെറ ഗവമ്മേണ്ട് ഇന്ത്യയിലെ ഗവൎണ്ണർ ജനറലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ ക്ഷണനം സ്വീകരിക്കപ്പെടുമെന്നും, അങ്ങിനെ ജാപ്പാന്നെതിരായ സമരനിൎവ്വഹണവും, ഇന്ത്യയിലെ യുദ്ധാനന്തരകൃത്യങ്ങളും ഇന്ത്യൻ പൊതുജനാഭിപ്രായത്തിൻെറ പരിപൂൎണ്ണ സഹകരണത്തോടെ ചെയ്യപ്പെടുമെന്നും ഞാൻ ആശിക്കുന്നു.

1945 ജൂൺ 15-ാംനു ചക്രവൎത്തി തിരുമേനി.

## നിങ്ങളുടെ സൌഹാർദ്ദവും സഹകരണവും വേണം

പുരോഗമനത്തിന്നു അവശ്യം ആവശ്യമായ പരസ്പരവിശ്വാസവും, സൌഹാൎദ്ദപരമായ അന്തരീക്ഷവും സൃഷ്ടിക്കുന്നതിന്നു ഞാൻ നിങ്ങളുടെ എല്ലാം സഹായം ചോദിക്കുന്നു. ഇന്ത്യയുടെ ഈ ദശാസന്ധിയിൽ, ഈ മഹൽരാജ്യത്തിൻേറയും ജനകോടികളുടേയും ഭാവി ഇവിടുത്തെനേതാക്കന്മാരുടെ വിവേകവും ഗ്രാഹ്യവും അനുസരിച്ചിരിക്കുന്നു.

ഇന്ത്യയുടെ സൈനികപ്രശസ്തി ഇന്നത്തെപ്പോലെ പണ്ടൊരിക്കലും ലോകത്തിൽ പരന്നിട്ടില്ല. അതിന്നായി നാം നാനാ ഭാഗത്തുനിന്നും വരുന്ന ഭാരതീയപുത്രന്മാൎക്ക് നന്ദിപറയുക.

അന്തർദ്ദേശീയ സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധി സമുന്നതമായ പ്രശംസക്കു അർഹനായിത്തീൎന്നു. ഇന്ത്യയുടെ അഭിലാഷങ്ങളോടും, അഭിവൃദ്ധിയിലേക്കുള്ള പുരോഗമനത്തോടും ഉള്ള അനുഭാവം മുമ്പൊരിക്കലുംതന്നെ ഇത്ര വിസ്തൃതവ്യാപകമായിട്ടില്ല.

നമുക്കു വേണ്ടവിധം ഉപയോഗിക്കാൻ സാധിക്കുമെങ്കിൽ നമുക്കിങ്ങനെ പല നേട്ടങ്ങളുമുണ്ട്. അതു ശീഘ്രഗതിയിലായിരിക്കയില്ല. വളരെ വമ്പിച്ച കൃത്യങ്ങൾ ചെയ്യേണ്ടതുണ്ട്. കുററങ്ങളും കുറവുകളും ഉണ്ട്; എല്ലാഭാഗത്തും മറക്കാനും മാപ്പുകൊടുക്കാനുമുണ്ട്. ഞാൻ നിങ്ങളുടെ എല്ലാവരുടേയും സൌഹാൎദ്ദത്തിന്നും സഹകരണത്തിന്നും ആശിക്കുന്നു."

—ഇന്ത്യാ വൈസ്രോയി വൈക്കോണ്ടി വേവൽ, 1945 ജൂൺ 14-ാംനു ഡൽഹിയിൽനിന്നു ചെയ്ത പ്രക്ഷേപണ പ്രസംഗത്തിൽ.

## ഇന്ത്യയുടെ ആസന്നഭാവി ഇന്ത്യക്കാരിൽ

സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള ലോകസമരത്തിൽ ഇന്ത്യ ഒരു പ്രധാനപങ്കു നിൎവ്വഹിച്ചിട്ടുണ്ട്. ബ്രി: രാഷ്ട്രസമുച്ചയത്തിലെ ജനതകളോടു സമാനമായ ഒരു സ്ഥാനം ഇന്ത്യക്കു വേണ്ടതാണെന്ന അവകാശം ഭൃതകാൎയ്യങ്ങളും, ഭാവിവീക്ഷണഗതിയുംമൂലം ഇന്ത്യ പ്രകാശിപ്പിച്ചിട്ടുണ്ട്. ഈ അഭിലാഷത്തിൽ ഞങ്ങളും പങ്കുകൊള്ളുന്നു. ഉദ്ദിഷ്ടസാദ്ധ്യതക്കെല്ലാംവേണ്ടി ഞങ്ങളാൽ ആവുന്നതും ചെയ്യുന്നതാണ്. ഇന്ത്യയുടെ ആസന്നഭാവി ഞങ്ങൾ ഇന്ത്യക്കാരുടെ കയ്യിലേക്ക് സമൎപ്പിക്കുന്നു. അതെടുത്തു വേണ്ടതുപോലെ ഉപയോഗിക്കേണ്ടതു് അവരാണ്.

—എൽ. എസ്. ആമറി, ഇന്ത്യാ സ്റ്റേററ സിക്രട്ടറി, 1945 ജൂലായി 14-ാംനു കോമൺസ് സഭയിൽ

---

ഗാനത്തെ പടവാളാക്കാനുള്ള സാമൎത്ഥ്യവിശേഷം—

അതുള്ള കലാകാരനാണ് പുരോഗമനക്കാരൻ.

# എന്താണ് സാഹിത്യത്തിൻെറ മുഖ്യ ലക്ഷ്യം?*

(ജി. ശങ്കരക്കുറുപ്പ്.)

എല്ലാവരും സമ്മതിക്കുന്ന ഒരു സാമാന്യസിദ്ധാന്തമുണ്ട്: മനുഷ്യൻെറ വികാരങ്ങളെ സംബന്ധിച്ചേടത്തോളം, സമാനസംസ്കാരങ്ങളായ ഹൃദയങ്ങളിൽ ഒരേ അനുഭൂതികൾ സമാനചലനങ്ങളുണ്ടാക്കുന്നു. ഇതാണ് സാഹിത്യത്തിൻെറ ആകെ ആന്തരസിദ്ധാന്തം. സ്പൎശിക്കുന്ന ആളുടെ ഹൃദയത്തിൽ വേദനയാണുള്ളതെങ്കിൽ മററു ഹൃദയങ്ങളിലതു് ആനന്ദമൊന്നും ഉളവാക്കുകയില്ല. കലാസൃഷ്ടി എന്നു പറഞ്ഞാൽ തന്നെ അതു് വലിയ വേദനയാണ്. ആ സമയത്തു കലാകാരന്നു യാതൊരു ആനന്ദവുമില്ല. തീവ്രമായ പ്രസവവേദനക്കുശേഷം സംജാതമാകുന്ന കുട്ടിയെ, കലാപരമായ സൃഷ്ടി, കാണുമ്പോൾ കവിക്കും മററുള്ളവൎക്കും അതിൽ ആനന്ദമുണ്ടാകുന്നുണ്ടായിരിക്കാം.

അനുഭൂതികളുടെ ആകത്തുകയാണ് ജീവിതം എന്നു പറഞ്ഞാൽതന്നെ ആ അനുഭൂതികൾ ഓരോരുത്തൎക്കും ഓരോ തരത്തിലാണ്, അതനുസരിച്ച് ഓരോരുത്തരുടെയും ആനന്ദവും വ്യത്യാസപ്പെടും. ഒരാൾക്കു ആനന്ദമായിട്ടുള്ളതു് മറെറാരാൾക്കു ആനന്ദമായിരിക്കുകയില്ല. കലയെല്ലാം ആനന്ദിപ്പിക്കുന്നതിന്നുള്ള അടിസ്ഥാനത്തിൽനിന്നു തുടങ്ങുന്ന നിരൂപകന്മാർ വെറും വിഡ്ഢികളാണ്. ആനന്ദിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല ചോദ്യം. കലാകാരന്നു തൻെറ ഹൃദയത്തിലുണ്ടാവുന്ന വികാരങ്ങൾ മററുള്ളവരിൽ പകൎത്താൻ സാധിപ്പിക്കുന്നുണ്ടോ? ആസ്വാദകന്മാൎക്ക് തങ്ങളുടെ ഹൃദയങ്ങളിലുണ്ടാവുന്ന വികാരങ്ങളുടെ പ്രതിദ്ധ്വനി കലയിൽ കാണാൻ സാധിക്കുന്നുണ്ടോ എന്നതാണ്.

ഓരോ കലാകാരനും അലക്സാണ്ടർ ചക്രവൎത്തിയെപ്പോലെയാണ്. ആയാൾക്കു ലോകം വെല്ലാനുള്ള ഒരൊന്നാംതരം കുതിരയുണ്ട്—ഭാവന. പക്ഷെ ആ ഭാവനക്കു് കടിഞ്ഞാണില്ലെങ്കിലോ, അതു വൃത്താകാരത്തിന്നുള്ളിൽനിന്നു കറങ്ങുകയാണെങ്കിലോ, മൂക്കിന്നുനേരെ പോവുന്നതു പുരോഗതിയാണെന്നു തെററദ്ധരിച്ച് അതു പരക്കം പായുകയാണെങ്കിലോ? ജീവിതമാൎഗ്ഗത്തിൽ വരുന്ന തടസ്ഥങ്ങളെ തട്ടിനീക്കി മുന്നോട്ടുപോകാൻ കലാകാരൻെറ ഭാവനക്കു സാധിക്കും; മററുള്ളവൎക്കു അതിന്നുവേണ്ട കരുത്തുണ്ടാക്കാനും ആയാൾക്കു കഴിയണം.

പുരോഗമനസാഹിത്യത്തെ എതിൎക്കുന്നവരുണ്ട്. എന്താണ് പുരോഗമനസാഹിത്യമെന്നു അവൎക്കു അറിയില്ല. ഗാനത്തെ പടവാളാക്കാനുള്ള സാമൎത്ഥ്യവിശേഷം—അതുള്ള കലാകാരനാണ് പുരോഗമനക്കാരൻ. അവൻ തൻെറ മുമ്പിലുള്ള എല്ലാ തടസ്ഥങ്ങളേയും തട്ടിനോക്കാൻ കരുത്തുള്ളവനായിരിക്കണം. ആ തടസ്ഥങ്ങളെ തട്ടിനീക്കാതിരിക്കുവാനും നിവൃത്തിയില്ല.

പുരോഗമിക്കുക—എന്താണിതിൻെറ അൎത്ഥം? ലക്ഷ്യത്തിലേക്കെടുക്കുക. അപ്പോൾ കലക്കും ഒരു ലക്ഷ്യമുണ്ട്. തീൎച്ചയായും ലക്ഷ്യമില്ലാത്ത കലാകാരൻെറ ഭാവന കടിഞ്ഞാണില്ലാത്ത കുതിരയെപോലെ വട്ടം കറങ്ങുകയേ ഉള്ളു. എന്താണ് സാഹിത്യത്തിൻെറ മുഖ്യലക്ഷ്യം? മനുഷ്യസമത്വം—മനുഷ്യരെല്ലാവരും മനുഷ്യരാണെന്ന മഹനീയ തത്വം ആ സമത്വം സാമ്യവാദാടിസ്ഥാനത്തിലുള്ള ഒരു സാമ്യവ്യവസ്ഥിതിയിൽ മാത്രമേയുള്ളുവെന്നാണ് ഞാൻ വിശ്വസിക്കുന്നതു്....

അതിനെ അഭിനന്ദിക്കുന്നതിൽ അത്തരമൊരു സാമൂഹ്യഘടനയെപ്പററി സ്വപ്നം കാണുന്നതിൽ സാഹിത്യകാരൻ ലജ്ജിക്കേണ്ടതില്ല—നിങ്ങൾക്കതു വേണ്ടെങ്കിലും എനിക്കതു വേണം; സ്വതന്ത്രനായ കലാകാരനായി വളരാൻ എനിക്കു മോഹമുണ്ട്. അതുകൊണ്ടാണെനിക്കതു് വേണ്ടതു്.

മനുഷ്യനിലിന്നും മൃഗീയത്വത്തിൻെറ അംശങ്ങളുണ്ട്. സിംഹത്തിൻെറ ക്രൂരദൃഷ്ടിയും പുലിയുടെ ഭീകരനഖങ്ങളും, ചെന്നായയുടെ ആറാത്ത വിശപ്പും അവൻെറ ഉള്ളിൽ ഒളിഞ്ഞുകിടപ്പുണ്ട്. മനുഷ്യനിൽ ഇതൊന്നും പുറത്തേക്കു കാണുന്നില്ലെന്നാലിനാൽ, അവൻ ആ മൃഗങ്ങളേക്കാൾ പേടിക്കേണ്ടവനാണ്. ചിലപ്പോൾ ഇതെല്ലാം ഏററവും പൈശാചികരൂപത്തിൽ പുറത്തു വരുന്നു. ലോകത്തെ ഭസ്മമാക്കുന്നു. അന്യോന്യം കടിച്ചുകീറുന്നു. ഇങ്ങിനെയുള്ള മനുഷ്യൻ സ്വതന്ത്രനല്ല; അവനിന്നത്തെ സാമൂഹ്യഘടനയുടെ അടിമയാണ്. ഈ അടിമത്തംപോയി മനുഷ്യൻ സ്വതന്ത്രനും സമനുമാകണം. അങ്ങിനെയൊരു പരിതസ്ഥിതിയിലെ നമുക്കു കലയെത്തന്നെ ശരിക്കു് കാണാൻ കഴികയുള്ളു. അതു സാഹിത്യകാരൻെറ ഇന്നത്തെ ലക്ഷ്യമായിരിക്കണം. അല്ലെങ്കിൽ നമ്മുടെ കലയും ജീവിതവും ആകെ ജീൎണ്ണിച്ചു നശിച്ചുപോവും.

ഈ ലക്ഷ്യത്തിലെത്താൻ കലാകാരനു വൻതോതിൽ സഹായിക്കാൻ സാധിക്കും. തൂലികക്കു വാളിനേക്കാൾ ശക്തിയുണ്ട്. അതുകൊണ്ടു ഛേദിക്കുമ്പോൾ ഉണ്ടാവുന്ന മുറിവ് പതുക്കെയാണെങ്കിലും വളരെ ആഴത്തിൽപ്പററും—ഹൃദയപരിവൎത്തനമാണതിൻെറ ഫലം.

അതുകൊണ്ടു കലയുടെ ലക്ഷ്യം മനുഷ്യരല്ല, മനുഷ്യനാണ്; ദൈവങ്ങളല്ല മനുഷ്യനാണ്; സ്വൎഗ്ഗമല്ല, മനുഷ്യൻ ജീവിക്കുന്ന ഈ ഭൂമിയാണ്. അതിലേക്കു സമുദായത്തെ നയിക്കുന്ന വമ്പിച്ച ശക്തിയായിത്തീരട്ടെ നിങ്ങളുടെ കല".

[* കോട്ടയത്ത് വെച്ചു ചേൎന്ന പുരോഗമനസാഹിത്യസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങൾ.]

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജൂൺ 22-ാംനു-, വെള്ളിയാഴ്ച


## ബോർണിയോ ആക്രമണം

ഈ മാസം മേയി 1-ാം തിയ്യതി ആസ്ത്രേലിയക്കാർ ടാറക്കാൻ ദ്വീപിന്റെ കിഴക്കൻ കരയിൽ ഇറങ്ങിയപ്പോഴാണ് ബോർണിയൊ ആക്രമണം ആരംഭിച്ചതു്. ആ ആക്രമണം ജപ്പാന്റെ പ്രതിരോധരീതികളേയും, ബലത്തെയും പരിക്ഷിച്ചറിയുന്നതിന്നുള്ള ഒരു പരിശ്രമമായിരുന്നുവെന്നു ഇപ്പോൾ വ്യക്തമായിരിക്കുന്നു. എന്തായാലും അതു മൂലം ബോർണിയോവിലെ ആദ്യത്തെ എണ്ണവയലുകൾ കൈപ്പററുന്നതിന്നു ഇതു മൂലം സഖ്യപക്ഷത്തിന്നു സാദ്ധ്യമായി. വർഷംതോറും 35 ലക്ഷം ബാററൽ മണ്ണെണ്ണ ലഭിക്കുകയും ചെയ്യും.

അഞ്ചാഴ്ചകൾക്കു ശേഷം ആസ്ത്രേലിയക്കാർ അമേരിക്കൻ വിമാനസേനയുടെ സഹായത്തോടു കൂടി ബോർണിയോവിന്നടുത്തുള്ള മറെറാരു ദ്വീപും ആക്രമിച്ചു. ഈ ആക്രമണ ഫലമായി ലാബ്വൺ ദ്വീപും ബ്രൂണിയും പിടിച്ചെടുക്കാൻ കഴിഞ്ഞു. ഇപ്പോൾ സഖ്യസേനകൾ സാരവാക്ക് കടൽതീരത്തിലൂടെ പുരോഗമിച്ചു വരുന്നുവെന്ന വാർത്ത നാം കേൾക്കുന്നു.

ബ്രൂണി ഉൾക്കടൽ മുഴുവനും കൈപ്പററുന്നതിന്നു സഖ്യശക്തികൾക്കു സാദ്ധ്യമാവുന്നപക്ഷം അതു് ഒരു വമ്പിച്ച നേട്ടം തന്നെയായിരിക്കും. മലയ, സുമാത്ര, സിങ്കപ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു കുതിക്കുന്നതിന്നുള്ള ഒരു താവളം ഇതു മൂലം ലഭ്യമാകുന്നതാണ്.

ബോർണിയോവിന്റെ മികച്ച എണ്ണ ഖനികളുള്ള സ്ഥലമാണ് സെറിയ, മിരി എന്നീ നഗരങ്ങൾ, ടാറക്കാനിലെക്കാൾ ഇരട്ടി എണ്ണ—70 ലക്ഷം ബാററൽ—വർഷാന്തരം ഇവിടെനിന്നു കിട്ടുന്നു. ഈ എണ്ണവയലുകൾ കയ്യേററിയാൽ ജപ്പാന്റെ യുദ്ധ യന്ത്രത്തിന്നു സാരമായ പരുക്ക പററുന്നതിന്നു എളുപ്പമായിരിക്കും.

ഇതേവരേയും ബോർണിയോ ലോകവാർത്തയിൽ വളരെ പ്രധാനപ്പെട്ടതായിവന്നിട്ടില്ല. . . . തലകൊയ്യുന്ന കാടന്മാരും, കാടന്മാരായ ഡ്യക്കുകളുമുള്ള രാജ്യമെന്നു് സ്കൂൾ കുട്ടികൾ അറിയുന്ന ഈ രാജ്യം ബർമ്മയോളം വലുപ്പമുള്ളതും, ഫ്രാൻസിന്റെ ഇരട്ടിയുള്ളതുമായ ഒരു രാജ്യമാണ്. നമുക്കിപ്പോൾ ഇവിടെപ്രധാനമായിട്ടുള്ളതു മർമ്മസ്ഥാനമാണ്.

ജപ്പാന്നെതിരായ യുദ്ധത്തിന്റെ അവസാനത്തെ ത്വരിതപ്പെടുത്തിയ ഈ വിജയങ്ങൾ കൈവരുത്തിയ ആസ്ത്രേല്യക്കാരെ നാം അഭിനന്ദിച്ചേ തീരു. യോർക്ക്ഷയർ പോസ്റ്റിന്റെ സിഡ്നിലേഖകൻ പറയുംപോലെ "ന്യൂഗിനിയിലേയും, സോളമൺ ദ്വീപുകളിലേയും സമരത്തോടു സാമ്യമുള്ള ഒന്നാണിതു്." ടോബ്രൂക്കിലുണ്ടായിരുന്ന 9-ാം സേനാവിഭാഗം തന്നെയാണ് ബോർണിയോവിൽ സമരം ചെയ്യുന്നതു്. ആഫ്രിക്കയിൽ യാതൊരുപ്പച്ചയുമില്ലാത്ത വരണ്ടഭൂമിയായിരുന്നു. ബോർണ്ണിയോ ആകട്ടെ, കട്ടത്ത കാട്ടു പടലങ്ങൾ നിറഞ്ഞതാണ്; ഇതു ജാപ്പ ഗരില്ല സേനകൾക്കു അനുകൂലമായ ഒരു പരിതസ്ഥിതിയുണ്ടാക്കുന്നു. ഇവിടെയുള്ള ശത്രുക്കളുടെ സംഖ്യ 10,000 മുതൽ 20,000 വരെയാണെന്നു തിട്ടപ്പെത്തിയിരിക്കുന്നു. ഇവയിൽ ഭൂരിഭാഗം കടൽത്തീരത്തിലാണ്.

ജപ്പാൻകാരെ എതൃക്കുന്നതിന്ന് 22,000 നീതർലാണ്ട് സേനാഹന്മാർ സന്നദ്ധമായി വരുന്നുവെന്നു കഴിഞ്ഞ ആഴ്ചയിൽ മേൽബോണിൽനിന്നു പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഇന്നു ബ്രിട്ടനിലുള്ള ഡച്ചുഭടന്മാരും എല്ലാം കൂടിയാൽ ഡച്ചു ഭടന്മാരുടെ മൊത്തസംഖ്യ 150,000 ആയിത്തീരും. ആരുടെ താല്പര്യങ്ങളാണോ പ്രാഥമികമായും പുലർത്തുകയും തിരിച്ചെടുക്കുകയും വേണ്ടതു്, ആ ജനവിഭാഗത്തെക്കൊണ്ടു് ആരംഭിക്കുകയെന്നതാണ് ഐക്യ രാഷ്ട്രങ്ങളുടെ നയം. ബോർണിയോവിൽകൂടി ഡ്യക്കുകളുടെ സഹായം സ്വാഗതം ചെയ്യുവരുന്നു. നീതർലാണ്ട് ദ്വീപുകളുടെ കാര്യത്തിലും തഥൈവ. സഖ്യസേനകളുകട വമ്പിച്ച ഒരാക്രമണം ആസന്നമായിക്കഴിഞ്ഞിരിക്കുന്നുവെന്നു പല നിരീക്ഷകന്മാരും അഭിപ്രായപ്പെട്ടു തുടങ്ങിയിരിക്കുന്നു. ജാപ്പാൻകാർക്കു തെക്കൻ ചൈനയിലും, കിഴക്കൻ ബർമ്മയിലും മററുമുള്ള ശക്തിക്കുറവുകളെ ആലോചിക്കുമ്പോൾ സമയം വന്നടുത്തുവെന്നു തന്നെ പറയാം.

## മദ്രാസ് ദേശീയ സമരമുന്നണിയ്ക്കു അഭിനന്ദനം

### എച്ച്. ഇ. വൈസ്രോയി അവർകൾ എച്ച്. ഇ. മദ്രാസ് ഗവർണ്ണർക്കു താഴെ ചേർക്കുന്ന സന്ദേശം അയച്ചിരിക്കുന്നു :—

"വിഷമം പിടിച്ച ആ ദശാസന്ധിയിൽ സർവ്വ പ്രകാരേണയും യുദ്ധത്തെ സഹായിക്കുന്നതിന്നും മനോധൈര്യത്തെ നിലനിർത്തുന്നതിന്നുംവേണ്ടി നിങ്ങളുടെ ദേശീയ സമരമുന്നണി ചെയ്യ പ്രവർത്തനങ്ങൾക്കെല്ലാം എനിക്കും ഇന്ത്യാ ഗവർമ്മേണ്ടിന്നും ഉള്ള മതിപ്പിനെ അറിയിക്കുന്നതിന്നു ഞാൻ താല്പര്യപ്പെടുന്നു. ദേശീയ സമരമുന്നണി ചെയ്യ സേവനം അമൂല്യമാണ്. അതോടൊപ്പം സഹകരിച്ച എല്ലാവരുടേയും സേവനങ്ങളെ തികച്ചും അഭിനന്ദിച്ചിട്ടുളളതായി ഞാൻ കരുതുന്നു. ആ ഇരുണ്ട ദിനങ്ങളിൽ, ഗവർമ്മേണ്ടിന്നു യാതൊരു മടിയും കൂടാതെ സഹായം നൽകുകയും, രാജ്യഭക്തരായ സ്നേഹിതരും, ഉറച്ച ഹൃദയമുളളവരുമാണെന്നു തെളിയിക്കുകയും ചെയ്യ അവരെ വിസ്മരിക്കാൻ മേലാ"

# ആഴ്ചക്കുറിപ്പുകൾ

## സുപ്രസിദ്ധമായ ആ സമരം


കഴിഞ്ഞാഴ്ചയിൽ റാങ്കൂണിൽവെച്ചുണ്ടായ ആ 'വിക്ടറിപരേഡിൽ', ബർമ്മയിൽ പൊരുതിയ ആ വീരന്മാർക്ക് രാജാവും, സുപ്രീം കമാണ്ടർ മൌണ്ട്ബാററൻ പ്രഭുവും നൽകിയ പ്രശംസകൾ വിശ്വവിശ്രുതമായിക്കഴിഞ്ഞിരിക്കുന്നു. 14-ാം പടയിലെ വീരഭടന്മാർ ഇന്ന് വിസ്മൃതകൊടിയിൽ തള്ളപ്പെട്ടവരല്ല; അവർ സർവ്വരുടെയും ശ്ലാഘയ്ക്കർഹരായിത്തീർന്നിരിക്കുന്നു. "ജപ്പാൻകാർക്കെതിരായി മാത്രമല്ല, കാലാവസ്ഥക്കും, ദൂരത്തിന്നും ദീനത്തിന്നും എതിരായി നേടിയ ഒരു വിജയമാണിതു്. എൻെറയും നിങ്ങളുടെ രാജ്യക്കാരുടേയും എല്ലാം ചിന്തകൾ ഇന്ന് നിങ്ങളോടൊന്നിച്ചുണ്ട്" രാജാവു ഇങ്ങിനെ പ്രസ്താവിച്ചു. 14-ാം പടയെ യാതൊരു തടസ്ഥങ്ങൾക്കും തടുത്തുനിർത്തുവാനോ പിൻതിരിപ്പിക്കുവാനോ കഴിഞ്ഞില്ലെന്നും, കാട്ടിലും മലയിലും വെച്ച് വിഷമങ്ങളെ അഭിമുഖീകരിച്ച് ആ വീരഭടന്മാർ പൊരുതിയെന്നും മൌണ്ട്ബാററൻ പ്രഭു പറഞ്ഞു. അദ്ദേഹം ഇങ്ങിനെ അവസാനിപ്പിച്ചു: "സഞ്ചാരനിരകൾ, സപ്ലൈ ഏപ്പാടുകൾ ഇവയുടെ അഭാവവും മററുള്ള വിഷമങ്ങളും അഭിമുഖീകരിച്ച് സുശക്തനായ ഒരു ശത്രുവിനെ പരാജയപ്പെടുത്തിയ ഈ യുദ്ധം പോലെ ലോകത്തിലെ യുദ്ധചരിത്രത്തിൽ മററൊരു യുദ്ധചരിത്രവും ഉണ്ടായിട്ടില്ല. നിങ്ങളുടെ ധീരതയും പരാക്രമവുംമൂലം നിങ്ങൾ ജപ്പാൻകാരെ തോല്പിച്ചു. ഈയിടെയുള്ള 'സമരതാര'ങ്ങളിൽ ആദ്യത്തേതു റിങ്ങളാണ് ആർജ്ജിച്ചതെന്നതിൽ ഞാനഭിമാനിക്കുന്നു" ഭാവിയിൽ "ബർമ്മതാരം" സമരരംഗത്തിലെ പരാക്രമത്തിൻെറ പേരെടുത്ത ഒരു ചിഹ്നമായി പരിഗണിക്കപ്പെടുന്നതായിരിക്കും.


## ഇന്ത്യൻ ആഫീസർമാരുടെ വർദ്ധനവു്

ഇന്ത്യയിലെ സർവ്വസൈന്യാധിപനായ ജനറൽ ആക്കിൻലക്ക ഡൽഹിയിൽവെച്ച് ജൂൺ 16-ാം തിയ്യതി നടത്തിയ പത്രസമ്മേളനത്തിൽ പല പ്രധാന സംഗതികളും വ്യക്തമാക്കുകയുണ്ടായി. യുദ്ധം തുടങ്ങിയ അവസരത്തിൽ ഇന്ത്യൻ സേനയിലെ 45,000 ആഫീസർമാരിൽ 700 ഇന്ത്യൻ ആഫീസർമാർ മാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. എന്നാൽ ഇന്നുള്ള 50,000 പേരിൽ 12,000 പേരും ഇന്ത്യക്കാരാണ്. 'ലോകത്തിലൊരിടത്തും' തന്നെയുണ്ടാകാത്ത ഒരു വർദ്ധനവാണിതെന്നു സർവ്വസൈന്യാധിപൻ പ്രഖ്യാപിച്ചു. കാലക്രമേണ ഇന്ത്യൻ സേന മുഴവനും ഇന്ത്യക്കാരാൽ നയിക്കപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി. ജനറൽ ആക്കിൻലക്ക് മദ്ധ്യപൌരസ്ത്യദേശത്തും, യൂറോപ്പിലും അദ്ദേഹം നടത്തിയ പര്യടനത്തെപ്പററി പ്രസ്താവിച്ചകൂട്ടത്തിൽ, അവിടെയെങ്ങുംതന്നെ തടവുകാരായിരുന്ന ഇന്ത്യക്കാരിൽ താൻകണ്ട ചൈതന്യത്തേയും ആത്മവിശ്വാസത്തേയും മനോധൈര്യത്തേയും പററി ഊന്നിപ്പറഞ്ഞു.

ഇന്ത്യക്കാർക്ക വിദേശഭാഷകൾ പഠിക്കുന്നതിനുള്ള മിടുക്ക അദ്ദേഹത്തെ അതിശയിപ്പിച്ചു. പലക്കും യൂറോപ്യൻ ഭാഷകൾ അറിയാം. അതിലെല്ലാംവെച്ച് അതിശയകരമായിരിക്കുന്നതു് ചിലക്ക പഠിക്കാൻ ഏററവും വിഷമകരമായ റഷ്യൻ ഭാഷകൂടി അറിയാമെന്നതാണ്. ഗ്രീസിലെ ജനങ്ങൾക്ക ഇന്ത്യക്കാരോടുള്ള തൃപ്തി കുറച്ചൊന്നുമല്ല; അവർ ഇന്ത്യക്കാരെ അവിടെ സ്ഥിരമായി താമസിപ്പിക്കണമെന്നാവശ്യപ്പെട്ടപോൽ. തൻെറ പര്യടനംകൊണ്ട്, ഇങ്ങിനെയുള്ള സേനയുടെ നേതൃത്വം വഹിക്കുന്നതിൽ ആ സർവ്വസൈന്യാധിപനുള്ള അഭിമാനം വർദ്ധിക്കുകയാണ് ചെയ്തതെന്നും ജനറൽ ആക്കിൻലക്ക് പറകയുണ്ടായി.

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക






ച്ചു: "എല്ലാററിലുംവെച്ച് പ്രധാനമായതാണ് ഈ സംഗതികൾ. ഇതു തയ്യാറാക്കുന്നതിലുള്ള പ്രധാന ഭാരം വഹിച്ചതു് സാമ്പത്തികസാമൂഹ്യ കൌൺസിലിൻെറ അദ്ധ്യക്ഷ (സർ രാമസ്വാമി മുതലിയാർ) നാണ്. ഈ കമ്മിററിയുടെ വിജയത്തിന്നു അദ്ദേഹം വളരെയധികം സംഭാവന ചെയ്തിട്ടുണ്ട്." സാൻഫ്രാൻസിസ്കോ പ്രതിനിധികളെ അഭിമുഖീകരിച്ച് പ്രസിഡെണ്ട് ട്രൂമാൻ അദ്ദേഹത്തിൻെറ ഉപസംഹാരപ്രസംഗം ചെയ്യുന്നതായിരിക്കും. രേഖ എല്ലാം തയ്യാറാവുന്നതൊടുകൂടി "ത്രിമൂർത്തി" സമ്മേളനത്തിന്നുള്ള സമയവും വന്നടുക്കും. ഈ മാസാവസാനത്തിൽ ഇന്ത്യയിലേയും ബ്രിട്ടനിലേയും ലോകത്തിലേയും തന്നെ രാഷ്ട്രീയസ്ഥിതികൾ ഒരു പുതിയ അദ്ധ്യായത്തിലേക്ക് പ്രവേശിക്കുവാനുള്ള ഇടയുണ്ട്.

## ശാന്തസമുദ്ര രംഗം

ഒക്കിനാവയിൽ സമരം തുടർന്നുകൊണ്ടേയിരിക്കുന്നു. ചൈനക്കാർ ചൈനകടൽത്തീരത്തിൽ അവക്ക ലബ്ധമായ വിജയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്നു. പാസഫിക് രംഗം വളരെ ഉച്ചപ്പാടോടുകൂടിയും പ്രവൃത്തിനിരതവുമായി പരിണമിച്ചിട്ടുണ്ട്. പടക്കോപ്പുകളുടെയും, സാമഗ്രികളുടെയും പണിയാണിതു്. ഇവമൂലമുണ്ടായിട്ടുള്ള വിശിഷ്ട നേട്ടങ്ങളെപ്പററി പല പ്രസ്താവനകളും പ്രഖ്യാപനങ്ങളും ഈ ആഴ്ചയിൽ കേൾക്കപ്പെട്ടിട്ടുണ്ട്. സുശിക്ഷിതവും, വ്യവസ്ഥിതവുമായ സഖ്യപക്ഷത്തിൻെറ പദ്ധതിരൂപീകരണത്തിൻെറ അനന്തരഫലങ്ങളാണ് ഇവയെല്ലാം. യൂറോപ്പിലെ സംഭവവികാസത്തെപ്പോലെയുള്ള സംഗതികൾ പാസഫിക് രംഗത്തിലും ആവർത്തിക്കുന്നതിന്നുള്ള സമയം സമാഗതമായിത്തുടങ്ങിയിരിക്കുന്നു. ബോമ്പുകൾ അവയുടെ പ്രാരംഭകൃത്യങ്ങൾ നിർവ്വഹിച്ചുവരുന്നു. അതു തികച്ചും മുഴമിച്ചുകഴിഞ്ഞാൽ, ജപ്പാനെ അവസാനമായി തോല്പിക്കുന്നതിന്നുള്ള ആ വമ്പിച്ച സംഭവം ഉണ്ടാവും.

## ഒരു പുതിയ ലോകത്തിൻെറ സൃഷ്ടി

ഐക്യരാഷ്ട്രരേഖ തയ്യാറാക്കുന്നതിന്നുള്ള പരിശ്രമങ്ങളെല്ലാം സാൻഫ്രാൻസിസ്കോവിൽ ഇപ്പോൾ പൂർത്തിയായിരിക്കുന്നു. പല കാര്യങ്ങളും തീരുമാനിച്ചുകഴിഞ്ഞു. ഡമ്പാർട്ടൻഓക്സ് അഭിപ്രായങ്ങളേക്കാളും വളരെ വിപുലമായതാണ് അവയെന്നു കേൾക്കപ്പെടുന്നു. എല്ലാ പ്രധാനകാര്യങ്ങളിലും സർവ്വരുടെയും അംഗീകരണം ഉണ്ടായിരിക്കുന്നു. സർ രാമസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ സാമൂഹ്യസാമ്പത്തിക കൌൺസിൽ സമർപ്പിച്ച അഭിപ്രായങ്ങളും തീരുമാനങ്ങളും, ഭേദഗതികളും വിവാദങ്ങളും കൂടാതെത്തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. റിപ്പോർട്ടു സമർപ്പിച്ച ആ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്ന ജനറൽ സ്മട്ട്സ് ഇങ്ങിനെ പ്രസ്താവി-

---

## വായനക്കാരോട്

യുദ്ധസഞ്ചികയിൽ പലപ്പോഴും അച്ചടിപ്പിശകുകളും മററു ചില ന്യൂനതകളും പ്രമാദങ്ങളും സംഭവിച്ചുപോകുന്നതിൽ ഞങ്ങൾക്ക അളവററ പരിതാപമുണ്ട്. ഒരു മാന്യവായനക്കാരൻ ഇതിനെപ്പററി ആക്ഷേപിച്ച് അയച്ച ഒരെഴുത്തിനെപ്പററി ഞങ്ങൾ ഇവിടെ മറച്ചുവെക്കുന്നില്ല. അദ്ദേഹത്തിൻെറ ആവലാതിയുടെ ന്യായത്തെ വകവെച്ചുകൊടുക്കുന്നതോടൊപ്പം, മറെറല്ലാ വായനക്കാരോടും ഞങ്ങളുടെ ക്ഷമാപണത്തെ അറിയിക്കട്ടെ. മാന്യരായ അവർ ഈ ചില്ലറ പ്രമാദങ്ങൾ വന്നതിൽ ഞങ്ങൾക്ക മാപ്പു നൽകുമെന്നും കരുതുന്നു. അപരിത്യാജ്യവും അസാധാരണവുമായ ചില പ്രത്യേക പരിതസ്ഥിതികൾക്ക വിധേയമാകേണ്ടിവരുന്നുമൂലം, ഇടയ്ക്കിടെ വന്നുപോകുന്ന ഈ ലഘുവായ തെററുകൾ മേലിൽ പരിഹരിക്കുന്നതിന്നു ആവുന്നതും ശ്രമിക്കുന്നതാണെന്നും അറിയിച്ചുകൊള്ളട്ടെ. (യു.സ.പ.)

---

# സമാധാന സമക്ഷം

ജി. പി. ശങ്കരമംഗലം, ഊട്ടി.

പാരാകെയാനന്ദപൂരം വിതച്ചുകൊ-
ണ്ടാരാലണഞ്ഞവളാരു നീ ശോഭനേ!
നിന്നാഗമാനന്ദമാധ്വീ ലഹരിയിൽ
മന്നാകെ മത്തടിച്ചാർക്കുന്നു പാവനേ!
വിണ്ടലാരാമം വെടിഞ്ഞിങ്ങണഞ്ഞ നീ
തണ്ടാരിൽമാതിൻെറ രണ്ടാം പിറവിയോ?
ഹാ, ഹാ, കളിക്കുന്നു നിൻ പ്രിയദർശനാൽ
ദേഹവും, ദേഹിയും ഞാനെത്ര ഭാഗ്യവാൻ
അല്ലല്ലി: നീ താൻ സമാധാന ദേവിയോ?
അല്ലലിൽപെട്ടു മറന്നു ഞാൻ തെല്ലിട,
സ്വാഗതം, സ്വാഗതം, അംബികേ, നിൻമൃദു
ലാഗമം, ഹാ, ഹാ, മനോജ്ഞം, മഹോത്സവം!!
ഘോരാഹവോച്ചണ്ഡതാണ്ഡവ വേദിയി-
ലുരിടം നിന്നാൽ വിമുക്തവി ശുദ്ധമായ്,
ഇത്തളിർച്ചേവടിന്യാസ സംഗീതക-
സ്വാദ്ധ്യമാധുര്യ്യമെന്തോന്നറപ്പു ഞാൻ.
എങ്കിലും, ദേവീ കുറഞ്ഞൊന്നു നിന്നൊടെൻ-
സങ്കടവൃത്തം പറഞ്ഞു കൊള്ളട്ടയോ?
പാവനേ, തെററിദ്ധരിക്കരുതേതുമി-
പ്പാവത്തെ, നീയെന്ന്യേയാലംബമില്ലമേ.

. . . . . .

കാണുന്നതില്ലേ, കടുംരോദനോൽക്കട-
കർക്കശ്യമേറുന്നൊരാഹവഭൂമികൾ;
ചത്തും, ചതഞ്ഞും, നിണച്ചാറൊഴുക്കിയും,
മർത്ത്യത, മട്ടിതമാകുന്ന ദിക്കുകൾ,
ഹുങ്കാരമോടെ വിമാനവും, ടാങ്കമായ്-
സംഹാരതാണ്ഡവമാടുന്ന മേടകൾ,
മർത്ത്യനെ മർത്ത്യൻ കശാപ്പു നടത്തുന്ന-
നിത്യഭയാനക പേക്കൂത്തു വേദികൾ?
ഹാ, ചുളിക്കുന്നുവോ നെററി നീയംബികേ,
ഹാഹന്ത സത്യമരോചകമോ, ശുഭേ!
ഇല്ലില്ല, തിന്നെക്കുറിച്ചിനിയൊന്നുമേ-
ചൊല്ലുന്നതില്ല, ഞാൻ കാതുപൊത്തേണ്ട നീ.
അൽഭുതാനന്ദദയാകുംനിനക്കതാ-
ണൽഭവസ്ഥാനമെന്നോക്കേണമംബികേ.

കേൾക്കുമോ, ദേവീ, കുറഞ്ഞൊന്നു മന്മനം-
വീർപ്പുമുട്ടിക്കുന്ന സന്താപ ചിന്തകൾ,
നിന്നാഗമത്തിന്നു തൻ രക്തധാരയാൽ
പൊന്നൊളി ദീപം കൊളുത്തിയ ത്യാഗികൾ,
പിച്ചപിടിച്ചു നടക്കാൻ നിനക്കു തൻ-
സ്വച്ഛദേഹങ്ങളാൽ പാലം പണിതവർ,
സർവ്വാംഗമോഹനേ, നിൻഭജനാഗ്നിയിൽ
സർവ്വസ്വവും മുദാ ഹോമം കഴിച്ചവർ,
തൻചുടുരക്തക്കളത്തിനാൽ, ശാത്രവ-
സഞ്ചാരമെങ്ങും തടുത്തു നിറുത്തിയോർ,
മേട്ടരാനന്ദം ജയക്കൊടി പാറുവാൻ
ആദരാൽ തൻപ്രാണവാതം കൊടുത്തവർ,
ഹാ, ഹാ, മറക്കയൊ, നീയസ്സഹജർതൻ-
മോഹന, ശുദ്ധ, വിഹാരവിധങ്ങളെ!
സൽഫലാസ്വാദനമത്തരാം മാനവർ-
കക്കുതാരിക്കു മറിവതില്ലേതുമേ:

. . . . . .

സേവിപ്പു, പൂജിപ്പു, നീയിന്നു നായക-
ഭാവം നടിച്ചു നടക്കുന്ന കൂട്ടരെ
സൌഭാഗ്യ, സൽക്കാര, സമ്പൽ പ്രഭാവരായ്
സൌവർണ്ണ പീഠമലങ്കരിപ്പൂ ചിലർ,
ഇല്ലതിലേതും പരിഭവ, മെങ്കിലും,
തെല്ലങ്ങരേയും സ്മരിക്കണേ, പാവനേ!
ആജ്ഞാകരന്മാരവർതൻ ഗുണൌഘങ്ങ-
ളാജ്ജിച്ചു പാടിപ്പുകഴ്ത്തുന്ന കൂട്ടരേ;
പകാം ഭുജിക്കെത്തുവിൻ മഹിമയൊ-
രല്പവും നിങ്ങൾ നിനപ്പീല കഷ്ടമെ;
അംബികേ, നിൻനാമമന്വർത്ഥമാക്കുവാൻ
വെമ്പലാർന്നുന്നത ത്യാഗം വരിച്ചവർ
ആരാലപേക്ഷിച്ചു, ദേവി; മറക്കരു-
താരാധനീയരാമത്യാഗിവര്യരെ!
പൊങ്ങട്ടെ; നിൻ നാട്യവേദിയിലെങ്ങുമേ-
മംഗലഗാന മധുമധുരസ്വരം. . . .!

# യുദ്ധവും ജനസംഖ്യ കുറവും

ബ്രിട്ടനിൽ യൌവ്വനവതികളയ പെൺകുട്ടികളിൽ അഞ്ചിൽ ഒന്നു വീതം ന്ന് വൃത്തിയില്ലാത്തവിധം അവിവാഹിതകളാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഭർത്തൃക്കന്മാരെ കിട്ടുവാൻ ക്ഷാമമില്ലെന്നു ഒരു കാലത്ത് കേൾവിപ്പെട്ടിരുന്ന അമേരിക്കയിൽപോലും ഏഴിൽ ഒന്നു വീതം പെൺകുട്ടികൾ ജീവിതം മുഴവനും അവിവാഹിതകളായി ഇരിക്കേണ്ടി വരുന്നു

കഴിഞ്ഞ യുദ്ധത്തിൽ 1,000,000 ബ്രിട്ടീഷ് വനിതകൾക്ക ഭർത്താക്കന്മാരും പുത്രന്മാരും നഷ്ടപ്പെട്ടിട്ടുണ്ട്. 1914 ലും 1918 ലും മരിച്ച 1,000,000 ബ്രിട്ടീഷ് കാരിൽ 600,000 അവിവാഹിതരും 400,000 വിവാഹിതരുമായിരുന്നു.

ഈ യുദ്ധം കഴിയുമ്പോഴാകട്ടെ വാർദ്ധക്യം ബാധിച്ച ആളുകളും ചെറുപ്പക്കാരികളായ സ്ത്രീകളും ഒരു വലിയതോതിൽ ഓരോ രാജ്യത്തിലു ഉണ്ടാകാതിരിക്കാൻ നവൃത്തിയില്ല. അവർ യുദ്ധത്തിൽ തങ്ങളുടെ പങ്ക നിർവ്വഹിച്ചിട്ടുണ്ട്. അതു ലോകത്തിന്നാകമാനം ഉപകാരപ്രദമായിട്ടുണ്ട്.

ലോകത്തിലെ ജനസംഖ്യ സാധാരണത്തെതിൽനിന്നു വളരെ ചുരുങ്ങാതെ നിവൃത്തിയില്ല. യുദ്ധത്തിൽ നഷ്ടപ്പെട്ടവരുടെ കഥ നില്ക്കട്ടെ. പ്രകൃതിതന്നെ പെൺകുട്ടികളെ അപേക്ഷിച്ചു ആൺകുട്ടികളെ വളരെ കുറച്ചു മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളു. ആൺകുട്ടികൾ പെൺകുട്ടികളേക്കാൾ അധികം ജനിക്കുന്നുണ്ടെങ്കിലും ആൺകുട്ടികളുടെ ജനനമരണകണക്ക വർദ്ധിച്ചു വരുന്നു. വാർദ്ധക്യദശയിലേക്ക കാലെടുത്തു വെയ്ക്കുന്ന സ്ത്രീപുരുഷരിൽ സ്ത്രീകൾ പുരുഷന്മാരുടെ രണ്ടിരട്ടിയുണ്ടെന്നു കണക്കാക്കപ്പെടുന്നു.

മുന്നണിയിൽ നില്ക്കുന്ന ഏതൊരു പരിഷ്കൃതരാജ്യത്തിലും ജനനത്തോതു കുറഞ്ഞുവരുന്നു. അതു മറെറാന്നുകൊണ്ടുമല്ല. ജനനനിയന്ത്രണശക്തി ജനങ്ങളുടെ കയ്യിൽത്തന്നെയാണ്. കുട്ടികൾ വേണമോ വേണ്ടയോ എന്നു തീർച്ചപ്പെടുത്തുവാൻ അവക്കറിയാം, വേണമെങ്കിൽ എത്ര വേണമെന്നും അവർ തീർച്ചപ്പെടുത്തുന്നു. അതിന്നും പുറമെ ധനവ്യവസ്ഥയും വൈകിയ വിവാഹത്തിന്നു കാരണമാവുന്നുണ്ട്. യുദ്ധമൊഴിച്ച് ഈ രണ്ടു പ്രധാന കാരണമാണ് ജനനക്കുറവിന്നുള്ളതു്.

ഇക്കാര്യത്തിൽ അയർലണ്ടു ഓർമ്മയിൽ വരുന്നു. അയറിൽ നാലിൽ ഒന്നുവീതം സ്ത്രീകൾ അവിവാഹിതകളാണ്. കഴിഞ്ഞ ജനനമരണകണക്ക നോക്കുമ്പോൾ ഇതു തീരെ അസംബന്ധമായി തോന്നും. കാരണം 1,000 പുരുഷന്മാക്ക് 952 സ്ത്രീകൾ ഉണ്ടായിരുന്നു. ലോകത്തിനെ ജനസംഖ്യത്തോതു അനുസരിച്ചു നോക്കുന്നതായാൽ അയരിലാണ് അധികം അവിവാഹിതന്മാരും അവിവാഹിതകളും ഉള്ളതെന്നു കാണുന്നു.

ഈ കാരണങ്ങൾ വളരെ ചെറിയതാണ്. വളരെ ആളുകളും ദരിദ്രരും കല്യാണം കഴിഞ്ഞാലുള്ള ചുമതലകളെ താങ്ങുവാൻ ശക്തിയില്ലാത്തവരും ആ വഴുകൊണ്ടു അവർ ആ ബുദ്ധിമുട്ടിൽനിന്നും ഒഴിഞ്ഞുനില്ക്കുന്നു. ഈ സാമ്പത്തികകാരണംകൊണ്ടു അനവധി ചെറുപ്പക്കാർ അയറിൽ വൈവാഹികജീവിതത്തിൽനിന്നും അകന്നു നില്ക്കുന്നു. ആ രാജ്യത്തിലെ പകുതി സ്ത്രീകൾ 34 വയസ്സായിട്ടും കല്യാണം കഴിയാത്തവരാണ്. 100ന്നു 82 വീതം പുരുഷന്മാർ 29 വയസ്സിലുള്ള അവിവാഹിതരുമാണ്. ഈ വയസ്സിൽതന്നെ സ്ത്രീകൾ 64 ശതമാനം അവിവാഹിതകളാണ് ഇത്തോതിൽ ജനനസംഖ്യ ചുരുങ്ങാതെ യാതൊരുനിവൃത്തിയുമില്ല.

അയർ കഴിഞ്ഞാൽ പിന്നെ ആസ്ത്രേലിയയാണ് ഇതിൽ പ്രാധാന്യം വഹിക്കുന്നതു്. ഇവിടെ 68 ശതമാനം അവിവാഹിതരും, സ്വീഡനിൽ 66 ശതമാനവും നോർത്തേൺ അയർലണ്ടിൽ 65 ശതമാനവും ആകുന്നു. റഷ്യയിലെ തോതു് വളരെ ചുരുക്കമാണ്. അവിടെയാകട്ടെ 17·5 ശതമാനം മാത്രമെ ആ വയസ്സിൽ അവിവാഹിതരായിട്ടുള്ളു.

# മതവും ശാസ്ത്രവും

എൻ. ദാമോദരൻ.

മനുഷ്യൻ പ്രകൃത്യാ യുക്തിവാദിയും, ചിന്തകനുമാണ്. കിരാതത്വത്തിൽനിന്ന് ഇന്നത്തെ ഈ മികച്ച പരിഷ്കാരത്തിലേക്ക് മനുഷ്യസമുദായത്തെ നയിച്ചത് പരിതഃസ്ഥിതികൾക്കനുസരിച്ച യുക്തിവാദപരമായ ചിന്താരീതിയാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. മനുഷ്യസമുദായത്തിന്റെ പൌരാണിക ചരിത്രത്തിലെ നഗ്നമായ വാസ്തവങ്ങളെ വിശ്വസിക്കാൻകൂടി കഴിയാത്തവിധം പ്രാചീനമനുഷ്യൻ, അത്രയും അപരിഷ്കൃതനായിരുന്നു. യാതൊരുവിധ സാമുദായികനിയമങ്ങളോ, സദാചാരബോധമോ അയാളെ ബാധിച്ചിരുന്നില്ല. നഗ്നരായ സഹോദരീസഹോദരന്മാർ മാതാപിതാക്കളൊപ്പം ഒരേ ഗുഹയിൽ ജീവിച്ചിരുന്നു എന്നു കേൾക്കുമ്പോഴും, വിവാഹജീവിതത്തിന്ന് ഇന്നത്തേതുപോലുള്ള യാതൊരു സദാചാരനിബന്ധനകളും ഇല്ലാതെ ലൈംഗികസംതൃപ്തി വരുത്തിയിരുന്ന ആ കാലത്തെ പററി ഓർക്കുമ്പോഴും നാം ലജ്ജിച്ച് തല താഴ്ത്തുന്നു. സ്വകാര്യസ്വത്ത് സമ്പ്രദായത്തിന്റെ ആവിർഭാവത്തിന്നുമുമ്പ് കുടുംബബന്ധമെന്ന ഒരു സമ്പ്രദായംതന്നെ ഉണ്ടായിരുന്നില്ല. കാട്ടുമൃഗങ്ങളെപ്പോലെ ഒരു സ്വതന്ത്രമായ ജീവിതമാണ് പ്രാചീനമനുഷ്യർ കൈക്കൊണ്ടിരുന്നത്.

പിന്നീട്, മാംസഭുക്കായിരുന്ന മനുഷ്യൻ പച്ചമാംസം വേവിച്ചുതിന്നുന്നതിന്നാവശ്യമായ തീയും പാത്രങ്ങളും ഉപയോഗിപ്പാനും ഗുഹയിൽ താമസിക്കുന്നതിന്നുപകരം കുടിലുകൾ നിർമ്മിച്ചു താമസിക്കുവാനും തുടങ്ങി. ഇത് പ്രാചീനമനുഷ്യന്റെ ആദ്യകാലചിന്തയുടെ ഫലമാണ്. യുക്തിപൂർവ്വമായ ചിന്ത മനുഷ്യനെ പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായത്തിൽനിന്ന് സ്വകാര്യസ്വത്ത് സമ്പ്രദായത്തിലേക്കു നയിച്ചു. അതോടുകൂടി ഒരു പുതിയ സാമുദായികക്രമവും അതിന്റെ പശ്ചാത്തലത്തിൽ ഒരു പുതിയ ചിന്താരീതിയും ഉത്ഭവിച്ചു. അങ്ങിനെ മനുഷ്യൻ ദൈനംദിനം പരിഷ്കരിക്കാൻ തുടങ്ങി.

പക്ഷെ, ഈ ചിന്തയുടെ പിന്നിൽ വിമർശനമോ ഗവേഷണമോ ഉണ്ടായിരുന്നില്ല. പ്രപഞ്ചത്തിൽ യാദൃച്ഛികമായി സംഭവിച്ചുകൊണ്ടിരുന്ന സംഗതികളെ ആരാഞ്ഞറിയുന്നതിന്നുള്ള അപ്രാപ്തിയാൽ മനുഷ്യൻ സാങ്കല്പികമായ വിശ്വാസത്തിലേക്കു നയിക്കപ്പെട്ടു. പ്രകൃതിയിലുണ്ടാവുന്ന മനുഷ്യന്റെ നിയന്ത്രണത്തിന്നധീനമാവാത്ത സംഭവങ്ങളെ ദൈവികമായോ, പൈശാചികമായോ ഗണിക്കാൻ തുടങ്ങി. അഗ്നി, സർപ്പം, വെള്ളം മുതലായവയെ നിയന്ത്രിക്കുന്നതിലുള്ള പരാജയംകൊണ്ടും ആ സംഭവങ്ങളുടെ യാഥാർത്ഥ്യങ്ങളെ കണ്ടുപിടിക്കുന്നതിന്നുള്ള അപ്രാപ്തികൊണ്ടും അവയെ ദൈവികമാക്കിസങ്കല്പിക്കുന്നതിന്നും ആരാധിക്കുന്നതിന്നും സംഗതിയായി. ഈ അശാസ്ത്രീയമായ അഭിപ്രായത്തിന്ന്, ശാസ്ത്രീയവും യുക്തിവാദപരവുമായ യാതൊരെതിർപ്പിനേയും അഭിമുഖീകരിക്കേണ്ടിവന്നില്ലെന്നതുകൊണ്ട്, ലോകമാസകലം പ്രചാരം സിദ്ധിച്ചു. ഇത്തരത്തിലുള്ള ഒരടിസ്ഥാനത്തിന്മേൽ നിന്നുകൊണ്ടാണ് പിന്നീടുണ്ടായ മനുഷ്യചിന്ത മുന്നോട്ടു പോയത്. അവർ, അവരുടെ ഈ പുതിയ കണ്ടുപിടിത്തത്തിന്ന് രൂപവും ജീവനും കൊടുത്തു. ബുദ്ധിശാലികളായ ഒരുകൂട്ടം ആളുകൾ ഈ മതവും കൊണ്ട് മുന്നോട്ടുവന്ന് പ്രചാരവേലയാരംഭിച്ചു. അവർ പ്രപഞ്ചത്തെ വ്യാഖ്യാനിച്ചു; അവരുടെ വ്യാഖ്യാനം ജനങ്ങളെക്കൊണ്ടു ശരിവെപ്പിച്ചു. നാടുവാഴിപ്രഭുത്വത്തിന്റെ രാഷ്ട്രീയാധികാരം ഇതിനെ സഹായിച്ചു. രാജാവു ദൈവത്തിന്റെ പ്രതിനിധിയാണെന്ന് ജനങ്ങളെ ധരിപ്പിച്ചു. ചിന്തകനായ മനുഷ്യന്റെ സങ്കല്പസൃഷ്ടിയായ ദൈവം മനുഷ്യന്റെയും പ്രപഞ്ചത്തിന്റെതന്നെയും സ്രഷ്ടാവായി!!

ഈ അഭിപ്രായഗതിയുടെ പ്രചാരത്തിൽനിന്നാണ് സംഘടിതമതങ്ങളുടെ ഉത്ഭവം. മതം തകർക്കാൻ വയ്യാത്ത ഒരു ഉരുക്കുകോട്ടയായിത്തീർന്നു. രാജാധികാരത്തെ പൌരോഹിത്യം നിയന്ത്രിക്കാൻ തുടങ്ങി. പൌരോഹിത്യത്തിന്നെതിരായ എല്ലാററിനേയും നിർദ്ദയം നശിപ്പിക്കുന്നതിന്ന് രാഷ്ട്രീയാധികാരം ഉപയോഗിച്ചു. പാശ്ചാത്യരാജ്യങ്ങളിലും പൌരസ്ത്യരാജ്യങ്ങളിലും ആ കാലങ്ങളിൽ ഭരണചക്രത്തെ നിയന്ത്രിച്ചിരുന്നത് മതാചാര്യന്മാരും, മഹർഷിമാരും ആയിരുന്നു. വസിഷ്ഠനും, വ്യാസനും, വാൽമീകിക്കും ഭാരതത്തിലുണ്ടായിരുന്ന സ്ഥാനം—ഇന്നും ആധുനികശാസ്ത്രീയചിന്താരീതി തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത ജനങ്ങളിൽ ധാരാളം നിലനില്ക്കുന്നുണ്ട്—അസൂയാവഹമാണ്. വററിക്കാൻ നഗരത്തിൽനിന്നുള്ള ആഹ്വാനം ക്രൈസ്തവലോകത്തെ ഇളക്കിമറിച്ചിരുന്നു. റോമൻ സാമ്രാജ്യം വററിക്കാൻ നഗരത്തിലെ കാത്തോലിക്കാ മതാദ്ധ്യക്ഷന്റെ സംരക്ഷയ്ക്കുവേണ്ടി എന്തും ചെയ്തിരുന്നു.

ഏതാണ്ട് 2,000 കൊല്ലങ്ങൾക്കുമുമ്പ് ആധുനികശാസ്ത്രം, ആദ്യമായി ഗ്രീസിൽ തല പൊന്തിച്ചു. ആധുനികശാസ്ത്രീയ ചിന്തയുടെ പൊൻകിരണങ്ങൾ വിതറിയ ഗ്രീസിനോടു ലോകം എന്നെന്നേക്കുമായി കടപ്പെട്ടിട്ടുണ്ട്. ഹിപ്പേഷ്യാ എന്ന ഗണിതശാസ്ത്രജ്ഞയുടെ ജനനം ഗ്രീസിലെ അത്തൻസ് പട്ടണത്തിലാണ്. പൌരോഹിത്യത്തിന്റെ പിരിമുറുക്കത്തിൽ കിടക്കുന്ന ജനതക്ക് ഒരു സ്വതന്ത്രചിന്തയുടെ മാർഗ്ഗം കൊടുത്ത ആ യുവതി പൌരോഹിത്യത്തിന്റെ ആജ്ഞക്കനുസരിച്ച്, നിർദ്ദയം ചുട്ടു വെണ്ണീറാക്കപ്പെട്ടു. അങ്ങിനെ മതവും ശാസ്ത്രവും തമ്മിലുള്ള വിരാമമില്ലാത്ത സമരം ആരംഭിച്ചു.

ആദ്ധ്യാത്മകത്വത്തിന്റെ പെററമ്മ എന്നു വിളിച്ചുവരുന്ന ഭാരതത്തിലും യുക്തിവാദപരമായ ചിന്താരീതി ഉണ്ടായിരുന്നു. കപിലനും, ചാർവ്വാകനും അക്കാലത്തെ ഭാരതീയ യുക്തിവാദചിന്തകന്മാരായിരുന്നു. പക്ഷെ, അവരെപററിയോ, അവരുടെ അഭിപ്രായങ്ങളെക്കുറിച്ചോ നമുക്കു കാര്യമായ യാതൊന്നുംതന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇന്ത്യയിലെ ബ്രാഹ്മണമേധാവിത്വം ആവക അഭിപ്രായങ്ങളെ അന്നുതന്നെ തീവെച്ചിരിക്കാം. ഏതായാലും ഭാരതത്തിലും ആധുനികചിന്തയുടെ ബീജങ്ങൾ ഉണ്ടായിരുന്നു എന്ന് അതിൽനിന്ന് നമുക്ക് മനസ്സിലാക്കാം.

ആധുനികശാസ്ത്രീയ ചിന്ത പ്രചരിപ്പിക്കുന്നതിന്നുപയുക്തങ്ങളായ വസ്തുക്കളുണ്ടെന്ന കാരണത്താൽ അലക്സാണ്ഡ്രിയയിലെ ഗ്രന്ഥശാലക്കു പുരോഹിതവർഗ്ഗം തീ വെച്ചു. ഭാഗ്യവശാൽ അതിൽനിന്ന് പലതും പിന്നീട് അറെബിയൻ സാംസ്കാരത്തിലൂടെ ലോകത്തിന്നു സിദ്ധിച്ചു, വൈദ്യശാസ്ത്രം, ശസ്ത്രക്രിയ, അൾജിബ്ര തുടങ്ങിയ ആധുനികശാസ്ത്രത്തിലേക്കുള്ള സംഭാവനകൾ ഇസ്ലാമിന്റേതാണ്. ഉമാറിന്റെ കാലത്ത് ആധുനികശാസ്ത്രീയചിന്താരീതിയെ പ്രചരിപ്പിക്കുന്നതിന്നു സഹായങ്ങൾ ചെയ്തതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

അലക്സാണ്ഡ്രിയയിലെ ചുട്ടെരിക്കലിന്നും തീവെപ്പിന്നുംശേഷം 16-ാം നൂററാണ്ടുവരെ ആധുനികശാസ്ത്രത്തിന്റെ വളർച്ച മന്ദഗതിയിലായിരുന്നു. ഗലീലിയോവിന്റെ കാലത്തോടുകൂടി ആധുനികശാസ്ത്രീയ ചിന്താരീതിക്ക് വീണ്ടും ഉശിരും ആവേശവും ഉണ്ടായി. ദൂരക്കണ്ണാടിയുടെ കണ്ടുപിടുത്തം പൌരോഹിത്യത്തിന്നു സഹിച്ചില്ല. ഗലീലിയോവിന്റെ കണ്ണു കുത്തിപ്പൊട്ടിച്ചു. കോപ്പർനിക്കസിനെ ചുട്ടു വെണ്ണീറാക്കി. പൌരോഹിത്യത്തിന്റെ മർദ്ദനം മൂർദ്ധന്യദശ പ്രാപിച്ചു. ന്യൂട്ടൻ, അദ്ദേഹത്തിന്റെ ശരിക്കുള്ള അഭിപ്രായങ്ങളെ, പൌരോഹിത്യത്തെ ഭയന്നു തുറന്നു പറഞ്ഞിരുന്നില്ല. ഇത്തരം കഠിനവും നിർദ്ദയവുമായ മർദ്ദനത്തെയാണ് മതം ശാസ്ത്രത്തിന്നെതിരായി അഴിച്ചുവിട്ടത്.

മതപരമായ ചിന്താരീതി തികച്ചും, അയുക്തികവും, അശാസ്ത്രീയവുമാണ്. അന്ധമായ വിശ്വാസവും, അനുസരണവുമാണ് മതം നമ്മോടാജ്ഞാപിക്കുന്നത്. ബൈബളിലും, ഗീതയിലും, ഉപനിഷത്തുകളിലും പറഞ്ഞിട്ടുള്ളതുകൊണ്ടു നിങ്ങൾ ഈ മാർഗ്ഗം സ്വീകരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ നരകത്തിന്നു അർഹന്മാരായിത്തീരുമെന്നു മതം നമ്മെ ഭീതിപ്പെടുത്തുന്നു. എല്ലാ മതനിയമങ്ങളും ഈശ്വരദത്തമാണെന്നും അതനുസരിക്കുക മാത്രമാണു മനുഷ്യന്റെ ചുമതലയെന്നും മതം കൊട്ടിഘോഷിക്കുന്നു. ഈശ്വരൻ പ്രപഞ്ചത്തിൽനിന്നും അതീതമായ മറെറാരു വസ്തുവാണെന്നും, ഒന്നുകൂടി കടന്നു പറഞ്ഞാൽ രൂപവും, ഭാവവുമില്ലാത്ത അദൃശ്യമായ എന്തോ ഒന്നാണെന്നും പറഞ്ഞു അവർ നമ്മെ ധിഷണാപരമായ ദീപാളിത്തത്തിലേക്കു തള്ളിവിടുന്നു

പ്രപഞ്ചം അയഥാർത്ഥമായ ഒരു വസ്തുവാണെന്നും ഈ കാണുന്നതും കേൾക്കുന്നതും സംഭവിക്കുന്നതുമെല്ലാം വെറും മായയാണെന്നും, അസത്യമാണെന്നും, ഇതിന്നെല്ലാം ഉപരിയായ, ഭൌതികാതീതമായ ഒരു ആത്മീയ ശക്തിമാത്രമാണ് യഥാർത്ഥമായിട്ടുള്ളതെന്നും അവർ വാദിക്കുന്നു. ഇതാണ് മതപരമായ ചിന്താരീതിയുടെ സത്ത്.


എന്നാൽ ശാസ്ത്രീയ ചിന്താരീതിയുടെ തത്വമാകട്ടെ ഇതിൽനിന്നു തികച്ചും ഭിന്നമാണ്. അന്ധമായ വിശ്വാസത്തിന്നും, അനുസരണത്തിന്നും പകരം കാര്യകാരണങ്ങളെ ന്യായത്തിന്നും യുക്തിക്കും അനുസരിച്ച് വിശകലനംചെയ്ത് തദനുസൃതമായ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിന്ന് നമ്മെ അതു പ്രേരിപ്പിക്കുന്നു. ആജ്ഞാപിക്കുന്നതിന്നു പകരം ആലോചിക്കാൻ അതു നമ്മെ പഠിപ്പിക്കുന്നു. ഭയപ്പെടുത്തുന്നതിന്നുപകരം ഭയത്തെ നശിപ്പിക്കുന്നതിന്നുതകുന്ന യുക്തിവാദം മുഴക്കുന്നു. മനുഷ്യസൃഷ്ടിയായ ഈശ്വരനെ മനുഷ്യൻ ആരാധിക്കുന്നത് വിഡ്ഢിത്തമാണെന്നു "മനുഷ്യൻ ലോകത്തിന്റെ യജമാനനും അവന്റെ തന്നെ വിധികർത്താവു"മാണെന്നും ശാസ്ത്രം നമ്മെ മനസ്സിലാക്കുന്നു. രൂപവും ഭാവവും ഇല്ലാത്ത ഒരദൃശ്യവസ്തു (ഭൌതികാതീതമായ ശക്തി) വെക്കാൾ രൂപവും, ഭാവവുമുള്ള ദൃഷ്ടിഗോചരമായ പ്രപഞ്ചമാണ് സത്യമെന്ന് ശാസ്ത്രം സയുക്തികം തെളിയിക്കുന്നു.


"ആധുനികശാസ്ത്രം ദൈവത്തെ കണ്ടുപിടിച്ചു" എന്നു വാദിക്കുന്ന ചില പുതുവിശ്വാസികൾ ഉണ്ട്. ഇതിന്നു കാരണക്കാർ ശാസ്ത്രജ്ഞന്മാരിൽതന്നെ ഒരു വിഭാഗക്കാരാണ്. എഡിംഗ്ടൻ, ജീൻസ് തുടങ്ങിയവരാണ് ഇതിന്റെ കർത്താക്കൾ. ഇവരുടെ അഭിപ്രായത്തെപ്പററി വിശ്വശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ പ്രൊഫസർ ഐൻസ്റ്റീൻ പറയുന്നു: "ഇതു അസംബന്ധങ്ങളിൽവെച്ച് ഏററവും വലിയ അസംബന്ധമാണെ"ന്ന്.

ഈ അവസരത്തിൽ ആധുനിക ശാസ്ത്രത്തിൽ രണ്ടു തരം ചിന്താരീതികളുണ്ടെന്ന് നാം ഓർക്കേണ്ടതാണ്: (1) യാന്ത്രികഭൌതികവാദം (2) ചലൽഭൌതികവാദം ഇതിൽ ആദ്യത്തെ തരക്കാരാണ് ദൈവത്തെ വീണ്ടും കണ്ടുപിടിച്ചത്. അവരുടെ ഈ പുതിയ വാദത്തിന്റെ പിന്നിൽ ഒരു തികഞ്ഞ രാഷ്ട്രീയ നിറം ഉണ്ട്.

ഏതായാലും മതത്തിന്റെ ഉരുക്കുകോട്ടയെ തകർത്തുകൊണ്ട് ആധുനികശാസ്ത്രം അഭിവൃദ്ധിപ്പെടാൻ തുടങ്ങിയിട്ടുണ്ട്. ഈ കാര്യത്തിൽ കഴിഞ്ഞ നൂററാണ്ടു മുതൽ പാശ്ചാത്യരാജ്യങ്ങളിൽ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയാണ് ഉണ്ടായിട്ടുള്ളത്. ആധുനികശാസ്ത്രത്തിന്റെ അഭിവൃദ്ധികൊണ്ട് മാനവസമുദായത്തിന്നു സിദ്ധിച്ച നേട്ടങ്ങൾ വിസ്മയാവഹമാണ്. യാതൊരു ശക്തിക്കും തടയാൻ കഴിയാത്തവിധം ആധുനികശാസ്ത്രത്തെ കെട്ടിപ്പടുത്ത ഐൻസ്റ്റീൻ, ലോ

(ശേഷം 8-ാം പേജിൽ)





## പട്ടാളത്തിൽ ചേൎന്ന പ്രാവുകൾ

"ഓഫീസർ ഇൻചാൎജ്ജ്, നാവൽ പീജിയൻസ്" ലെഫ്റ്റനൻറ് ബോമൻകുശ്രുഷ്രോഫിൻെറ ഉദ്യോഗപ്പേരിതാണ്. സമാധാനകാലത്തു ഇദ്ദേഹം പ്രാവുകളെ വളൎത്തുന്നതിൽ അതിതാല്പൎയ്യം കാണിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം റോയൽ ഇന്ത്യൻ നേവിയിലുൾപ്പെട്ട പ്രാവുകളുടെ കാൎയ്യം ഏറെറടുത്തു നടത്തുന്നു. ബോമ്പെയിലുള്ള സിഗ്നൽ സ്കൂളിലാണ് ഈ പ്രാവുകളെ വളൎത്തുന്നതും പരിശീലിപ്പിക്കുന്നതും.

(1) കടൽ സേനയിൽ പ്രവൎത്തിച്ചുവരുന്ന "പ്രാവു ടെണ്ടർ."

(2) ലെഫ്റ്റനൻറു ബി. കെ. ഷ്രോഫും മഹാസുകാരനായ ലീഡിങ്ങ് സിമെൻ സി. ഇ. അൽവ്സും പ്രാവിൻെറ കാലിന്മേൽ ഒരു സന്ദേശം കെട്ടിപ്പിക്കുന്നു.

---

## വിളംബരം

എം. ഗോവിന്ദൻ.

നീതിതൻ നിശിതമാം
വാളതാ തലക്കുമേൽ
ഭീതിദം; ഭീകരതാപം
നിത്യവിൽ കൊള്ളക്കാരെ!

ഇല്ലിനി നാട്ടിൻമെയ്യി-
ലില്ലൊന്നു മെല്ലം തോലു-
മല്ലാതെ, ഇരയട്ടക-
ളുറുഞ്ചിക്കുടിയ്ക്കയാൽ,

നോക്കുവിൻ കുന്നായ്ക്കൂടി-
ക്കിടക്കും കോടികോടി
മട്ടിതന്മാർ തന്നെല്ലിൻ-
കൂട്ടുകൾ ക്രമപാരമായ്.

പാവങ്ങൾ പാവം, വെന്ത-
വെണ്ണീറിൽ വെറുംസ്വാൎത്ഥ-
മാംവിക്ഷാവിത്തും വിത-
ച്ചിരിക്കും വിത്തേശരെ,

പട്ടിണിതൂകും കണ്ണീർ-
ത്തുള്ളിയിൽ, കട്ട നാണ്യ-
ത്തുട്ടുകൾ തുരുതുരെ-
ത്തുടച്ചു സൂക്ഷിപ്പോരെ,

നോക്കുവിനൊന്നുംകൂടി-
കുന്നുകുന്നായിക്കൂടി-
യസ്ഥിമാടങ്ങൾ മൂടി-
ക്കിടക്കും കൊടും രംഗം!

നീതിതന്നൊളിരുക്കം
വാളതാ തൂങ്ങിനില്പൂ,
ഭീതിയാൎന്നാലും, തല-
മൂദ്ധ്നി, കൊള്ളക്കാരെ!

അധൎമ്മത്തിൻെറയന്ത്യ-
മാംവേരും മുറിച്ചീടാ-
നതിനുണ്ടീട്ടും, ക്രൂരം,
മൂച്ഛ്യം മൂൎഛതാപവും.

തീനാളമെന്നപോലെ-
ജ്വലസ്സുമി വാളിന്നു-
തീനാകാൻ തുനിയേണ്ട
സമ്പത്തിൻമദാന്ധ്യത്തിൽ!

വെളിയിൽ തലകാട്ടാ-
തുഗ്രമാം ഫണം ചീററി-
യൊളിവിൽ നിന്നുകൊത്തി-
ക്കൊന്നീടും സൎപ്പങ്ങളെ,

സമുദായത്തിൻ സ്വത്തു
സംഭരിച്ചു, ത്തുമ്മല-
മമിതാദായ പേത്തും
ചേൎത്തു ചീൎത്തീടുന്നോരെ,
കരുതിക്കൊൾവിൻ നന്നായ്:

ഭാസുരമിബ്ഭാരതം
കരുതിക്കളമാക്കാ-
നിനിയും ശ്രമിച്ചീടിൽ,
കളവും ചതികളും

വളൎത്തി ദാരിദ്ര്യത്തിൻ-
വളമായ സ്വരാജ്യം
ചീഞ്ഞതായ്ത്തീൎത്തീടുകിൽ,
അതിദാരുണം 'വംഗ-

ക്ഷാമ'ത്തിൻ പുത്തൻപതി-
പ്പധികം നിൎമ്മിക്കുവാൻ
മേലിലും തുടരുകിൽ,
കരുതിക്കൊൾവിൻ നന്നായ്:

കാരുണ്യം കാണിക്കാതെ
കരളിൽക്കരാളമീ-
ക്കരവാളാഴ്ത്തും ഞങ്ങൾ!

ഇവയാണല്ലോ തവ
നീചതയ്ക്കെല്ലാം തെളി-
വി, യതാൻ തവൈശ്വൎയ്യ
വൃദ്ധിതൻ മറുപുറം-!

കഴുകികളയാമോ
താവക കളങ്കങ്ങൾ
കഴുവിൽ കേററിത്തൂക്കി-
നിങ്ങളെയിട്ടാൽപ്പോലും?

നീതിതൻ നെടുനീളൻ
വാളതാ തലയ്ക്കുമേൽ,
ഭീതരായ് മരിയാക്രൂര
നിഷ്ഠുര ചേഷ്ടിതങ്ങൾ

പണത്തിൻ പെരുമക്കായ്
സ്വന്ത സോദരന്മാരെ-
ച്ചിണമായ് മാററാൻ മടി-
ച്ചീടാത്തതാം മാററലർ,

നാസിയേക്കാളും നീചർ,
പ്ലേഗിനെക്കാളും വൎജ്ജ്യർ,
നാട്ടിൻെറ നാരായവേ-
രറുക്കും വഞ്ചകന്മാർ!

എലിയെ കൊല്ലാനില്ല-
മെരിയ്ക്കും ലാഭാൎത്ഥിയാൽ
കലികൊണ്ടുറഞ്ഞാടും-
കോമരം തുള്ളുന്നോരെ!

നിത്യവിൻ മനുഷ്യാസ്ഥി-
പീഠത്തിന്മേൽനിന്നുള്ള
നൃത്തംഫൽ, 'നിണമണി-
ഞ്ഞു'ള്ളതാം പേക്കൂത്തുകൾ!

നീതിതൻ നെടുനീളൻ-
വാളതാ തൂങ്ങി നില്പൂ,
ഹാ, തലക്കുപരിയായ്,
കരുതിക്കൊൾവിൻ മേലിൽ!!

-ശുഭം-

# ഒരു മാതൃകാ കവി

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.)

‘വിധി വിശ്വാസം’ പാരസിക സാഹിത്യത്തെ മാത്രമല്ല പൊതുജനതയെയാകെത്തന്നെ ഞെക്കിഞെരിച്ചുകൊണ്ടിരുന്ന പതിനൊന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ആ സാഹിത്യനഭോമണ്ഡലത്തിൽ ഒരപൂർവ്വതേജസ്സ് ഉദിച്ചുയർന്നു. നവംനവങ്ങളായ നിരവധി തത്വങ്ങൾ ശ്രവണമധുരമായ ഭാഷയിൽ രേഖപ്പെടുത്തിക്കൊണ്ട് ആ അപ്രമേയപ്രഭാപൂരം എന്നെന്നേക്കുമായി മാഞ്ഞുപോവുകയും ചെയ്തു. പേർസ്യൻ ഹോമറെന്ന അപരനാമത്താൽ വിഖ്യാതനായ ഫർദൌസിയുടെ സമകാലീനനാണ് ‘റുബായിയാത്തി’ന്റെ—‘വിലാസലഹരി’യെന്ന പേരിൽ ‘ജി:’ അതു നമ്മുടെ ഭാഷയിലേക്കു പരിഭാഷ ചെയ്തിട്ടുണ്ട്—കർത്താവായ ഓമർ ഖയ്യാം.

മഹത്തരമായ മനുഷ്യജന്മത്തേയും ജീവിതത്തേയും നിത്യദുഃഖത്തിലും നിരാശതയിലും മുക്കിയെടുത്തു വികൃതമാക്കുവാനായിരുന്നില്ല ഓമർ ഖയ്യാം തന്റെ പ്രകൃതിദത്തമായ വാസനയേയും അഗാധജ്ഞാനത്തെയും വിനിയോഗിച്ചതു്. സ്വന്തം തന്റേടക്കുറവുനിമിത്തം പരിണമിക്കുന്ന വിപൽഫലങ്ങൾ മററുള്ളവരേയും അനുഭവിപ്പിക്കുവാൻവേണ്ടി മാത്രം തന്റെ കവിതാസരണിയെ തിരിച്ചുവിടുന്നതിന്റെ അനാശാസ്യത മനസ്സിലാക്കുവാൻ സമർത്ഥമായതായിരുന്നു അദ്ദേഹത്തിന്റെ മസ്തിഷ്കം. ഇതിന്നുമുപരിയായി മനുഷ്യന് ഉന്മേഷവും ആശയും പ്രദാനം ചെയ്തും ജീവിതത്തെ മുഴുവൻ മധുരിമയിൽ കുളിപ്പിക്കുകയും ചെയ്യുകയാണ് കവിധർമ്മമെന്നതായിരുന്നു അദ്ദേഹത്തിന്റെ മതം. മനുഷ്യജന്മം പുനർലബ്ധമല്ലെന്നും അതിനാൽ ഇതു നമ്മുടെ പക്കൽനിന്നു നഷ്ടപ്പെടുന്നതിന്നു മുമ്പ് അതിൽ സാദ്ധ്യമാവുന്നിടത്തോളം ആസ്വദിക്കണമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ഇവയെല്ലാമാണ് റുബായിയാത്തിന്റെ ഓരോ വരിയും നമ്മെ വിളിച്ചറിയിക്കുന്നതു്.

സന്താപം വിഷമയമാണെന്നും നിർവ്വേദം മരവിക്കലാണെന്നും അദ്ദേഹം മനസ്സിലാക്കി. തന്മൂലം “ദൈവീകവും മാനുഷവുമായവയാലുഴലാതിൻ, ഭാവിമാറാലയെക്കാററിൽ വലിച്ചെറിവിൻ” അനന്തരം.

“ആ മധുരമദിരത്തന്വോമലളകാന്തങ്ങളിൽ കാമമാസക്തമാകാവൂ കരാംഗുലികൾ” എന്നു അദ്ദേഹം ഉപദേശിക്കയും ചെയ്യുന്നു. “ഇന്നലെ (ജനനത്തിന്നുമുമ്പു) നാം ഉണ്ടായിരുന്നില്ല. നാളെ (മരണശേഷം) നാം ഇല്ലാതാവുകയും ചെയ്യുന്നു. ആ സ്ഥിതിക്കു ഇന്നത്തെ (ജീവിതവേളയിലെ) ആനന്ദാനുഭവംകൊണ്ടു നമുക്കെന്തു ന്യൂനതയാണ് സംഭവിക്കുക?”

മരണത്തിന്റെ സാമ്യവാദത്തിൽ കവി സന്ദേഹരഹിതനാണ്. സുവർണ്ണകോടിരം ചൂടിയ ശിരസ്സും ചിരട്ടയെടുത്ത കരവും മരണശേഷം വെറും മണ്ണായിമണ്ണിൽത്തന്നെ ലയിക്കുന്നു. പക്ഷെ ജീവിതം പെട്ടെന്ന് അവസാനിച്ചാലോ എന്ന ദിവാനിശാന്തരമന്യേ ഭയപ്പെടുന്നവരെ ഉമർ പരിഹസിക്കയാണ് ചെയ്യുന്നതു്. അദ്ദേഹം പറയുന്നു “നിരർത്ഥമാണ് ഈവിധ ശബ്ദബോധം. നിത്യശക്തി അസ്സാളശബുൽബുദങ്ങൾ എത്രയെത്ര ചൊരിഞ്ഞു കഴിഞ്ഞു? ഇനി എത്രയേറെ ചൊരിയുകയില്ല?”

പ്രകൃതിക്കു അതിന്റെ കൃത്യാന്തരബഹുലതയാൽ നമ്മുടെ ജനനമരണാദികളെക്കുറിച്ചു ഒന്നു ചിന്തിക്കുവാനുംകൂടി സാദ്ധ്യമല്ല. “കക്കകൾ പതിപ്പതുണ്ടോ ഗണിക്കുന്നു കടൽ, പാരിനക്കണക്കാണിജ്ജനത്തിൻ വരവും പോക്കും.” ഇതിനാൽത്തന്നെയാണ് “ഇരിക്കുമ്പോൾ കുടിക്കുക” എന്നു കവി ഉപദേശിക്കുന്നതു്.

എത്രയേറെ കഷ്ടപ്പാടുള്ള ഒരു ജീവിതമായാലും ആനന്ദിക്കുവാൻ ധാരാളം വഴിയുണ്ടെന്ന് കവി വാദിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ “തേനഞ്ചുന്ന ലഘുകാവ്യം, അരികിലാഹാരമല്പം, പാനഭാജനം നിറയെ മധുമധുരം, ഗാനം ചെയ്യും നീ പിറകിൽ പ്രദേശത്തിലലയു! കാനനവുമെനിക്കെന്നാൽ വാനവലോക”മാണത്രെ. എത്ര പരിമിതങ്ങളായ ജീവിതോപകരണങ്ങൾ!

ഇനി സ്വർഗ്ഗനരകാദികളെക്കുറിച്ചു അദ്ദേഹത്തിന്നുള്ള അഭിപ്രായമെന്തെന്നു നോക്കുക. “നാകം ഭൂമിയിലെ മനുഷ്യന് അനുഭവപ്പെടാത്ത ഒന്നാണ്. അതു പിരിഞ്ഞു കിട്ടിയേക്കാമെന്നു കരുതുന്ന ഒരു കടമാണ്. ദൂരെ കേൾക്കുന്ന പടഹരടിതമാണ്. അതിലൊന്നും ശ്രദ്ധിക്കാതെ നിങ്ങൾ റൊക്കം ലഭിച്ച ഈ ഐഹികാനന്ദത്തെ ആസ്വദിച്ചാലും! ഇവിടെ—നിന്റെ ആത്മാവിൽത്തന്നെ—സ്വർഗ്ഗവും നരകവും ഉൾക്കൊള്ളുന്നു.”

മരണം സ്വാഗതാർഹമായ ഒരു സ്വാതന്ത്ര്യമായാണ് ഉമർ പരിഗണിക്കുന്നതു്. “ഈ ഗാത്രം കാലപുരമാർഗ്ഗചാരിയായ ഒരു സുൽത്താന് തല്ക്കാലവിശ്രമാർത്ഥം നിർമ്മിക്കപ്പെട്ട ഒരു കൂടാരമാണ്. സുൽത്താൻ (ആത്മാവ്) യാത്രയാരംഭിക്കുമ്പോൾ അദ്ദേഹത്തിന്റെ ദാസൻ (മരണം) ഈ ശൂന്യശിബിരം തകർത്തു പുതിയവ ചമയ്ക്കുന്നു. മരിയ്ക്കരുതെന്നു ആഗ്രഹിക്കുന്നതു ആത്മാവിനെ ദിവ്യലോകമായ അതിന്റെ ഗൃഹത്തിലേക്കു പോകുവാൻ അനുവദിക്കാതെ ഈ ചെററപ്പുരയിൽത്തന്നെ (നശ്വരമായ ജഡം) താമസിക്കുവാൻ ശഠിക്കുകയാണ്. ഇതു് എത്ര ലജ്ജാവഹമാണ്?”

പരിണാമവാദത്തെ വകവെച്ചുകൊടുക്കുന്നെങ്കിലും ‘പോയ വാതിലൂടെത്തന്നെ പോകുവാൻ’ ആരും മടങ്ങിവരികയില്ലെന്നു, പുനർജ്ജന്മമുണ്ടാകയില്ലെന്നു, കവി ദൃഢമായി വിശ്വസിക്കുന്നു.

മധുവർജ്ജനത്തിലല്ല മധുപ്രചരണത്തിലാണ് കവി ശ്രദ്ധ ചെലുത്തിയതു്. “ദൈവപ്രഭവമാണ് ഈ രസം. മുന്തിരിയുടെ ചുരുൾക്കണ്ണി അനാശാസ്യമായ കെണിയാണെന്ന് ആർ പറയുന്നു? ഇതു നമ്മൾ ഭുജിക്കേണ്ടുന്ന ഏകവരമാണ്. ലോകത്തിന്നു ശാപമാണ് ഇതെങ്കിൽ ആർ എന്തിന്നു ഇതു സൃഷ്ടിച്ചു? . . . . . . വിശേഷാത്തരമായ ഈ ജീവിതത്തിന്റെ ശാന്തിദലേപം ആനന്ദത്തിൽ മതിമറന്ന മധുപാനത്തിലാണ് നിലകൊള്ളുന്നതെ”ന്നു പോലും ശ്രവണമോഹനമായ ഭാഷയിൽ അദ്ദേഹം കുറിച്ചിട്ടു.

ഇങ്ങനെ നോക്കിയാൽ അദ്ദേഹത്തിന്റെ ഏതൊരഭിപ്രായവും ഉദാര്യമാണെന്നു കാണാം. മനുഷ്യനെ “വിലാസിപ്പിച്ചു” ലഹരി പിടിപ്പിക്കുവാൻ സുപര്യാപ്തമാണ് ഓമറിന്റെ ഓരോ പദവും. കരയുന്നവനെ ചിരിപ്പിക്കുവാനും ഹതാശനെ ആശാസമ്പൂർണ്ണനാക്കുവാനും റുബായിയാത്തിന്നു ഒരു മാന്ത്രികശക്തി തന്നെയുണ്ട്. ഈ ഒരു പ്രത്യേകതയ്ക്കുതന്നെ നാം ഉമർ ഖയ്യാമിന്നു് എന്നെന്നും കടപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നാൾക്കുനാൾ പ്രബലമായിവരുന്നതിന്റെ പ്രധാനരഹസ്യം.

റുബായിയാത്തിന്നു് അതർഹിക്കുന്നതു പ്രചുരപ്രചാരം ലബ്ധമായിട്ടില്ലെങ്കിൽ അതിന്റെ ഒരു മുഖ്യഹേതു കവി അന്ധവിശ്വാസത്തിൽനിന്നു മുളച്ചു സ്വാർത്ഥത്തിന്റെ കൊഴുപ്പു കൊണ്ടു വളർന്നുയർന്ന പൌരോഹിത്യം, പ്രവചിക്കുന്ന് ‘കടം കഥകൾ’ ശ്രവിച്ചു വിധിക്കു നിർല്ലജ്ജം തലചായ്ചുകൊടുക്കുന്ന മനുഷ്യസ്വഭാവത്തെ പരസ്യമായി അവഹേളിച്ചതുമാത്രമാണ്.

അദ്ദേഹത്തിന്റെ ശത്രുക്കൾ ഓമറിനെ ഒന്നിനും കൊള്ളാത്ത ഒരു വിഷയലമ്പടനായും നിരീശ്വരവാദിയായും ചിത്രീകരിക്കുന്നു. ചാർവ്വാകസിദ്ധാന്തവും ഉമറിന്റെ വാദഗതികളും തമ്മിൽ യഥാർത്ഥത്തിൽ ഗണ്യമായൊരന്തരമുണ്ട്. ചാർവ്വാക സിദ്ധാന്തത്തിൽ ഈശ്വരനോ അഥവാ അനിതരസാധാരണമായ ഒരു ശക്തിക്കു പോലുമോ യാതൊരു സ്ഥാനവും ലഭിക്കുന്നില്ല: എന്നാൽ ഉമർ സർവ്വസാദ്ധ്യമായ ഒരു ശക്തിയിൽ വിശ്വസിച്ച് അതിനെ സ്നേഹാദരങ്ങളോടെ വീക്ഷിക്കുന്നുണ്ട്. ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ച് ഈ ലേഖനം ദീർഘിപ്പിക്കുന്നില്ല. മനുഷ്യനു മനസ്സിലാക്കാൻ സാധിക്കാത്തതിനെയെല്ലാം ദൈവമായും ബാഹ്യമോ ആന്തരമോ ആയ ചില ചില്ലറ പരിവർത്തനങ്ങൾക്കു വിധേയനായ ഒരു മനുഷ്യനെ ദൈവത്തിന്റെ ഇവിടത്തെ പ്രതിനിധിയായും അദ്ദേഹം സ്വീകരിക്കുകയില്ലെന്നു മാത്രം.

ഓമർ ഖയ്യാമിനെപ്പോലെയുള്ള കവികളെയാണ് നമ്മുടെ ഭാഷക്കു ഇന്നു ആവശ്യമായിരിക്കുന്നതു്. പ്രത്യുത മനുഷ്യജീവിതത്തിലെ യാതനകളെ പർവ്വതീകരിച്ചും സാദ്ധ്യതകളെപോലും അസാദ്ധ്യതകളുടെ നീശാരങ്ങളണിയിച്ചും ഭാവഗർവ്വം കൊള്ളുന്ന കവിതാമ്മന്യന്മാരുടെ സംഖ്യ ഉപദ്രവകരമാംവിധം വർദ്ധിച്ചിരിക്കുന്നു. ഇക്കൂട്ടർ തങ്ങളുടെ ഈദൃശസാഹിത്യവ്യവസായംമൂലം അനുവാചകന്മാരെ അവതാളത്തിലാക്കുകയാണ് ചെയ്യുന്നതെന്നു് ഇനിയെങ്കിലും ധരിച്ചാൽ കൊള്ളാം.

---

(6-ാം പേജിൽനിന്നു തുടർച്ച)

റൻസ്, ഹെയിഡൻബർഗ് മുതലായ പ്രകൃതിശാസ്ത്രജ്ഞന്മാർ, ഡാർവിൻ തുടങ്ങിയ ജന്തുശാസ്ത്രജ്ഞന്മാർ, ഫ്രായിഡ്, വാട്ടസൻ തുടങ്ങിയ മനശ്ശാസ്ത്രജ്ഞന്മാർ കാറൽമാർക്സ്, എഞ്ജൽസ് തുടങ്ങിയ സാമൂഹ്യശാസ്ത്രജ്ഞന്മാർ ഇവരോടെല്ലാം ലോകം കടപ്പെട്ടിട്ടുണ്ട്.

പാശ്ചാത്യരാജ്യങ്ങളിൽ മതപരമായ ചിന്താരീതി വിട്ട് ഒരു ശാസ്ത്രീയചിന്താരീതി, ജനങ്ങൾ സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇതിന്റെ ഫലമായി വമ്പിച്ച മാററങ്ങൾ സംഭവിച്ചിരിക്കുന്നു. എന്നാൽ പൌരസ്ത്യ രാജ്യങ്ങൾ ഈ കാര്യത്തിൽ ഏററവും പിന്നണിയിലാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും കയ്കാര്യം നടത്തുന്നതിന്ന് മതപരമായ ചിന്താരീതിയാണ് സ്വീകരിച്ചിട്ടുള്ളതു്. യൂറോപ്പിൽ ആധുനികശാസ്ത്രം മതത്തെ അതിജീവിച്ചു. അതിന്റെ നന്മകൾ അവർ ഇന്നനുഭവിക്കുന്നുണ്ട്. ഇന്ത്യയടക്കമുള്ള പൌരസ്ത്യദേശങ്ങളിൽ ആധുനികശാസ്ത്രീയചിന്തയെ പുച്ഛരസത്തോടുകൂടി വീക്ഷിക്കുന്ന സമ്പ്രദായം അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന വർഗ്ഗക്കാരിൽനിന്നുകൂടി വിട്ടുമാറിയിട്ടില്ല.

ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അഭിവൃദ്ധിക്ക് ആധുനികശാസ്ത്രീയചിന്താരീതി അത്യന്താപേക്ഷിതമാണ്. മതപരമായ ഒരിടുങ്ങിയ വീക്ഷണഗതിയും, അശാസ്ത്രീയമായ സാമൂഹ്യസാമ്പത്തികനിലയും ഈ നാടിനെ അധോഗതിയിലേക്ക് തള്ളപ്പെടുന്നതായിരിക്കും. മതപരമായ അടിസ്ഥാനത്തിൽ രാഷ്ട്രീയ കാര്യങ്ങളെ വീക്ഷിക്കുന്നതുകൊണ്ടുള്ള കുഴപ്പം ഏവക്കുമറിയാം. മനുഷ്യന്റെ ഭാവി ആധുനികശാസ്ത്രത്തിന്റെവെളിച്ചത്തിലാണ് പരിലസിക്കുക എന്നു, പാശ്ചാത്യരാജ്യങ്ങളെ നോക്കിയെങ്കിലും പൌരസ്ത്യദേശം മനസ്സിലാക്കട്ടെ. നമ്മുടെ യുദ്ധാനന്തര പുനർന്നിർമ്മാണ ശ്രമങ്ങളിൽ ശാസ്ത്രത്തിന്ന് ഒരു സജീവ സ്ഥാനം കൊടുക്കേണ്ടതാണ്. കാരണം നാളത്തെ മനുഷ്യനെ തികച്ചും സംസ്കരിക്കുന്ന ഒരു സിദ്ധിയാണതു്.

# ചിരിയും ചിന്തയും

(കെ. ജി.)

(ഒരു വഴി യാത്രയിൽ)

മകൻ : അച്ഛാ ലോകത്തിലേക്കു വലിയ മൃഗം ഏതാണ് ?

അച്ഛൻ : അറിഞ്ഞുകൂടാ.

മകൻ : അല്ലയച്ഛാ, മനുഷ്യന്റെ ശരീരത്തിൽ അനവധി ഞരമ്പുകൾ ഉള്ളതായി കേട്ടിട്ടുണ്ട്. എത്രയുണ്ടെന്നറിയാമോ ?

അച്ഛൻ : ഓർക്കുന്നില്ല.

മകൻ : (വീണ്ടും കുറെദൂരം കൂടി നടന്നപ്പോൾ) യുദ്ധത്തിൽ നമുക്കു വിജയമാണെന്നു പറയുന്നു. ആരണച്ഛാ നമ്മോടു യുദ്ധം ചെയ്യുന്നത്.

അച്ഛൻ : (തല ചൊറിഞ്ഞുകൊണ്ടു) അതു ഓർമ്മിക്കുന്നില്ല.

മകൻ : അല്ലയച്ഛാ—ഓ! അല്ലെങ്കിൽ വേണ്ടാ.

രാമു : ജർമ്മൻകാർ വി. 2 എന്നൊരു ആയുധം കണ്ടുപിടിച്ചു. എന്നാൽ നിനക്ക് എന്തു കണ്ടുപിടിക്കാൻ സാധിച്ചു ?

ഗംഗാധരൻ : ഞാൻ ഇന്നലെ ആരും കാണാതെ നിന്റെ കോഴിയെ പിടിച്ചു.

*　　　*　　　*


പ്രസംഗകൻ (സദസ്യരോട്) മാന്യരെ ഞാൻ ഇന്നു പ്രസംഗിക്കാൻ പോകുന്നത് എന്താണെന്നു നിങ്ങൾക്കറിയാമോ ?

(സദസ്യർ മിണ്ടിയില്ല.)

പ്രസംഗകൻ : എന്താണ് നിങ്ങൾ മിണ്ടാതിരിക്കുന്നത് ?

സദസ്യരിൽ ചിലർ : അറിഞ്ഞുകൂടാ.

പ്രസംഗകൻ : അറിയാൻ പാടില്ലാത്തവരോടു പ്രസംഗിക്കാൻ ഞാൻ ആളല്ല.



വേവൽപ്രഭു ജൂൺ 14-ാംനു ഡൽഹിയിൽനിന്നു ചരിത്രപ്രസിദ്ധമായ ആ പ്രക്ഷേപണി പ്രസംഗം ചെയ്യുന്നു

അച്ഛൻ : ചോദിക്കു, ചോദിക്കു, ഇനിയും ചോദിക്കു, അല്ലാതെ എങ്ങിനെയാണ് അറിവു വർദ്ധിക്കുന്നത് !

*　　　*　　　*

ജോസഫ് : യുദ്ധം കഴിഞ്ഞാൽ എന്തു പ്രവൃത്തിക്കാണു പോകുന്നത് ?

മേനോൻ : എന്തു പ്രവൃത്തി അറിയാം.

ജോസഫ് : അഞ്ചു സെക്കന്റുകൊണ്ടു നൂറു വാര ഓടാം.

മേനോൻ : ശരി. "ഈച്ചയെ വളർത്തൽ."

*　　　*　　　*

മകൾ : അച്ഛാ എനിക്ക് ഓണത്തിനു ഒരു നല്ല പാവാട വാങ്ങിത്തരണം.

അച്ഛൻ : പണമില്ല.

മകൾ : ഈ അച്ഛനുണ്ടായതിൽ പിന്നീട് ഈ വീട്ടിൽ ഗുണം പിടിച്ചിട്ടില്ല.

*　　　*　　　*

കൊച്ചമ്മ : എടിപെണ്ണേ, നീ കാലത്തെ എഴുന്നേററു മുററം, ചൂലുകെട്ടി തൂക്കണം. ഇങ്ങനെ കിടന്നുറങ്ങിയാൽ പോരാ.

(കാലത്തെ എഴുന്നേററു വേലക്കാരി വീട്ടിലുണ്ടായിരുന്ന രണ്ടു ചൂലും കയറികെട്ടി മുററത്തു തൂക്കി.)

കൊച്ചമ്മ : ഞാൻ കാലത്തെ മുററം തൂക്കണാം എന്നു പറഞ്ഞില്ലെ.

വേലക്കാരി: കൊച്ചമ്മെ നിങ്ങൾ എല്ലാം എഴുന്നേല്ക്കുന്നതിനു മുമ്പേ ഞാൻ രണ്ടു ചൂലും കെട്ടി മുററത്തു തൂക്കിയിട്ടുണ്ട്.

(ഇതു പറഞ്ഞു പീഠത്തിൽനിന്നും ഇറങ്ങിപ്പോയ പ്രസംഗകനെ വീണ്ടും ആളുകൾ പീഠത്തിൽ കൊണ്ടുവന്നു.)

പ്രസംഗകൻ : (വീണ്ടും) മാന്യരെ ഞാൻ ഇന്നു പ്രസംഗിക്കാൻ പോകുന്നതു എന്താണെന്നു നിങ്ങൾക്കറിയാമോ ?

സദസ്യർ : അറിയാം.

പ്രസംഗകൻ : അറിയാവുന്നവരോട് പ്രസംഗിക്കേണ്ട ആവശ്യമില്ലല്ലൊ.

(വീണ്ടും ഇറങ്ങിപ്പോയ പ്രസംഗകനെ സദസ്യരിൽ ചിലർ വീണ്ടും പീഠത്തിൽ കൊണ്ടുവന്നു.)

പ്രസംഗകൻ : മാന്യരെ ! ഞാൻ ഇന്നു പ്രസംഗിക്കാൻ പോകുന്നത് എന്താണെന്നു നിങ്ങൾക്കറിയാമോ ?

സദസ്യരിൽ ചിലർ : അറിയാം.

സദസ്യരിൽ മററു ചിലർ : അറിയാൻപാടില്ല.

പ്രസംഗകൻ : എന്നാൽ അറിയാവുന്നവർ അറിയാൻപാടില്ലാത്തവർക്കു പറഞ്ഞു കൊടുക്കട്ടെ.

(പ്രാസംഗികൻ ഇറങ്ങിപ്പോയി.)

*　　　*　　　*

കിഴവി : എടാ കോരാ, അങ്ങേതിലെ പരമു ആ കണ്ണട വച്ചുകൊണ്ടു ഇംഗ്ലീഷു വായിക്കുന്നതു കേൾക്കാൻ എന്തൊരു രസം. നീയും അതുവരെയൊക്കെ പഠിച്ചല്ലൊ. നീയെന്താ അങ്ങനെ വായിക്കാത്തത്.

കോരൻ : ഇംഗ്ലീഷു വായിക്കുന്ന കണ്ണട പ്രത്യേകമുണ്ടമ്മെ, അതു കിട്ടിയാലെ വായിക്കാനൊക്കു.

# എന്റെ കോർ

കെ പി. കെ. ഉണ്ണി.

(കാകളി)

ഇല്ലിതിന്നുർവ്വിയിലെങ്കിലുയരുമോ-
വല്ലൊരു വൈമാനികപ്പടക്കോപ്പുകൾ ?

നഷ്ടമിസ്സൈനിക ശ്ലാഘയെന്നാകിലൊ-
നട്ടം തിരിയുവതല്ലയൊ ശക്തികൾ !

തന്നുദരത്തിന്നു താന്തതയേന്തുകി-
ലൊന്നുമേകൈവരാ മർത്ത്യനു മന്നിതിൽ !

ഇപ്പൊരുളുൾപ്പൂവിലന്നുളവാകയാൽ
കല്പിതമായതാമെന്റെ "കോ" റോർക്കുകിൽ.

സൈനികസൌധ സംസ്ഥാപിതമാമൊരു-
സുസ്ഥിതമസ്ഥിവാരം മമസ്ഥാപനം ;

നാവിക, വങ്കര, വൈമാനികപ്പട-
ച്ഛാത്രകൌശലത്തിനു മേഘമാണെൻസ്ഥലം ;

പട്ടാളമൂട്ടുവാൻ കെട്ടിയൊരുററമാ-
മൂട്ടുപുരദ്ധ്വജ ചിഹ്നമാണെൻപട ;

വീര,രടരടിച്ചീടും സിരകളിൽ-
ചോരചൊരിയുന്ന തെൻ"കോർ" ഘടംഭേദം;

പഞ്ചദാവാഗ്നിയിൽ, മാനവവാടിയിൽ-
മഞ്ജുള ശീതള വാഹിനീമാമകം ;

കണ്ടിച്ചു, തുണ്ടിച്ചു, തെണ്ടിടും "റേഷനി"-
ആണ്ടില്ലിതിന്നരികിണ്ടലാൽ നിർണ്ണയം ;

പാവകളിപ്പടയാളിക,ളോളമി-
ല്ലാതുള്ള വെള്ള,മില്ലാസ്സിലിത്താവളം ;

ആയിരമായിരമായുരാരോഗ്യസ-
സ്ഥാരണകാരണ പൂരണപൂതമാം
അക്ഷയമന്തവിഹീനമനർഘമാം
ഭക്ഷ്യനിക്ഷേപങ്ങളാം പിരാമേഡുകൾ
ആഹവമാം മഹാ ഹോമകുണ്ഡത്തിലി-
ആഹുതിചെയ്യുവാനുള്ളതാമെണ്ണകൾ ;
നാസിസ, ഫാസിസധ്വംസക സായകം ;
ശാശ്വതവിശ്വവിശ്രാന്തികൊരാശ്രയം ;
കാണണമെങ്കിലെൻ സോദരെ ! വീക്ഷണ-
കോണമിങ്ങോട്ടുവി,ന്നൊ,ന്നു കണ്ടിടാം :—

വാഞ്ഛിതദായക ദിവ്യപഞ്ചാക്ഷരം !
ആർ. ഐ. ഏ. എസ്സ്. സി.യെന്നായതിൻ നാ
[മകം !!

ശുഭം.

ഭർത്താവ് : ഇന്നുമുതൽ ഞാനൊരു ഭീമനാണെന്നു വിചാരിച്ചുകൊള്ളണം.

ഭാര്യ : അങ്ങനെയാണെങ്കിൽ ഇപ്പോൾതന്നെ നിങ്ങൾ എന്നെ എന്റെ അമ്മയുടെ വീട്ടിൽ വിടണം.

*　　　*　　　*

മദ്യപാനി : എടീ, ഞാൻ സകലവും ഉപേക്ഷിച്ചു കാട്ടിൽ തപസ്സു ചെയ്യാൻ പോകയാണ്.

ഭാര്യ : അങ്ങനെയാണെങ്കിൽ കാട്ടിൽ വല്ല ചെത്തുന്ന പനയുടേയും മൂട്ടിൽ പോയിരുന്നു തപസ്സു ചെയ്യണമെന്ന് ഒരപേക്ഷയുണ്ട്.

*　　　*　　　*

അദൃശ്യങ്ങളായ വസ്തുക്കളുടെ നിഴൽ വസ്തുക്കൾക്കു മുമ്പേയും ദൃശ്യങ്ങളായ വസ്തുക്കളുടെ നിഴൽ വസ്തുക്കൾക്കു ശേഷവുമാണ് അനുഭവപ്പെടുന്നതു.

*　　　*　　　*

മനസ്സിന്റെ വ്യാപാരത്തിൽ അന്തഃകരണത്തിന്റെ പ്രചോദനമാണ് മനുഷ്യനെ പ്രവൃത്ത്യാന്മുഖനാക്കിത്തീർക്കുന്നത്.

*　　　*　　　*

ശരിയായ വിദ്യാഭ്യാസംകൊണ്ടു മാത്രമെ 'മനുഷ്യമൃഗത്തെ' 'മനുഷ്യ മനുഷ്യ' നാക്കാൻ സാധിക്കുകയുള്ളൂ.

# *സമരമനശ്ശാസ്ത്രം

പുലിയൂർ കെ. രാഘവൻ പിള്ള, ബി.എ. (ആണേഴ്സ്)

യൂറോപ്പിലെ യുദ്ധം വിജയപൂർവ്വം പര്യവസാനിക്കുകയും, ഭാവിലോകത്തിൽനിന്നു സമരത്തെ സമൂലം ഉച്ചാടനം ചെയ്യുന്നതിനുള്ള പരിപാടികൾ നിർണ്ണയിക്കുന്നതിൽ തലവന്മാർ വ്യാപൃതരാവുകയും ചെയ്തിരിക്കുന്ന ഈ ഘട്ടത്തിൽ, ലോകാരംഭം മുതൽക്കുതന്നെ യുദ്ധോല്പാദകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാനകാരണത്തെക്കുറിച്ചു ചിന്തിക്കുന്നതു പ്രയോജനപ്രദമായിരിക്കും. മനുഷ്യന്റെ യുദ്ധക്കൊതി എന്ന പ്രസ്തുത കാരണത്തെ സ്പർശിക്കാതിരിക്കുന്ന ഏതൊരു യുദ്ധനിവാരണശ്രമവും പരാജയത്തിൽ കലാശിക്കാതെ തരമില്ല. സാമ്പത്തികം, രാഷ്ട്രീയം മുതലായി യുദ്ധത്തെ പ്രത്യക്ഷമായി ഇളക്കിവിടുന്ന കാരണങ്ങൾക്കു പരോക്ഷമായി പ്രചോദനം നല്കി. ആരംഭംമുതൽ അവസാനംവരെ ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കാരണം അത്ര മൗലികമായ പരിഗണനയർഹിക്കുന്നതാണ്.

യുദ്ധത്തിന്റെ ഭയങ്കരഫലങ്ങൾ ഒന്നിലധികം പ്രാവശ്യം അനുഭവപ്പെട്ടിട്ടുള്ള മനുഷ്യൻ വീണ്ടും യുദ്ധത്തെ കൊതിക്കുന്നെന്നു പറയുന്നതു് ഒരു പക്ഷെ അബദ്ധമെന്നു തോന്നിയേക്കാം. എന്നാൽ യുദ്ധകാലത്തു മനുഷ്യർ ചെയ്യുന്ന പ്രവൃത്തികളുടെ ഉള്ളിലേക്കു ചുഴിഞ്ഞുനോക്കാമെങ്കിൽ ഈ പ്രസ്താവന വളരെ ശരിയാണെന്നു മനസ്സിലാകും. യുദ്ധത്തിൽ ഏർപ്പെടുന്ന രാജ്യങ്ങളിലെ ജനസമുദായങ്ങളിൽ, യുദ്ധാരംഭത്തിനു മുമ്പുള്ള ഏതാനും ആഴ്ചകളിൽ ദൃശ്യമാകുന്ന അതിഭീമമായ ആഹ്ലാദപ്രകടനം തന്നെ ഈ പരമാർത്ഥത്തിനു പ്രത്യക്ഷമായ തെളിവാണ്. സമരഫലങ്ങളായ ഭയങ്കരയാതനകൾ കൺമുമ്പിൽ അണിനിരന്നു നിൽക്കുന്നതു കാണാമായിരുന്നിട്ടും ജനക്കൂട്ടം സമരത്തെ സോത്സാഹം, അക്ഷമയോടുകൂടി പ്രതീക്ഷിക്കുന്നതായിട്ടാണ് നാം കാണുന്നതു്. തങ്ങളെ ദുരിതത്തിലേക്കു വലിച്ചുകൊണ്ടുപോകുന്ന നേതാക്കളെ താക്കീതു ചെയ്യേണ്ടതിനു പകരം ആരവത്തോടുകൂടി ആഹ്ലാദത്തോടുകൂടി ചുമലിൽ വഹിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നതു്. വിചിത്രമെന്നു തോന്നാവുന്ന ഈ പ്രവൃത്തി കേവലം വിഡ്ഢിത്വത്തിന്റെ ഫലമല്ല. അനർഘമായ ഒരു മനശ്ശാസ്ത്രതത്വം അതിലന്തർഭവിച്ചിട്ടുണ്ട്. ആ തത്വമാകട്ടെ സൃഷ്ടിയുടെ ആരംഭം മുതൽക്കുതന്നെ സകലവിധത്തിലുള്ള സമരങ്ങൾക്കും സമാനമായ ഒരു കാരണമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്.

കൂട്ടമായി കഴിയുന്ന ജന്തുക്കളുടെ ഇടയിൽ സർവ്വസാധാരണമായി കാണാറുള്ള സ്വസമൂഹസ്നേഹവും പരസമൂഹവിദ്വേഷവുമാണ് പ്രസ്തുത മനശ്ശാസ്ത്രതത്വം. മൃഗങ്ങളിൽനിന്ന് മനുഷ്യനു ലഭിച്ചിട്ടുള്ളവയിൽ ഏററവും അഭിശപ്തമായ ഒരു പാരമ്പര്യമാണ് ഈ സ്വഭാവവിശേഷമെന്നു പറയാം. തങ്ങളിൽനിന്നു വിഭിന്നരായ ജനങ്ങളോടു വെറുപ്പുണ്ടാകുന്നതു് മനുഷ്യരുടെ സ്വഭാവത്തിന്റെ മായാത്ത ഒരു വശമാണ്. വിദേശീയരിലും അവരെ സംബന്ധിച്ച കാര്യങ്ങളിലും കുററമാരോപിക്കുകയെന്നുള്ള പ്രത്യക്ഷരൂപത്തിലാണ് ഈ സ്വഭാവവിശേഷം പരിഷ്കൃതലോകത്തിൽ പരക്കെ പ്രകടമാകുന്നതു്. വിദ്വേഷത്തിനു പാത്രമായ വിദേശീയരോടെതിർക്കാൻ സ്വവർഗ്ഗീയരോടു ചേരുന്ന മനോവ്യാപാരവും ഇതിനോടൊപ്പം തന്നെ സംജാതമാകുന്നു. ഇതാണ് യുദ്ധത്തെ സോത്സാഹം ജനസമുദായം സ്വീകരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന മനശ്ശാസ്ത്രതത്വം.

എന്നാൽ മാനവസമുദായത്തിന്റെ ശൈശവദശയോടു അനുബന്ധിച്ചുള്ള ഈ ഒരു സ്വഭാവവിശേഷം മാത്രമാണ്. ആധുനികമനുഷ്യന്റെ മനസ്സിൽ യുദ്ധോല്പാദകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു വിചാരിക്കരുതു്. പ്രമുഖമായ ഈ മനോവ്യാപാരത്തെ കേന്ദ്രമാക്കിക്കൊണ്ട്, ആധുനികപരിഷ്കാരത്തിന്റെ സന്താനങ്ങളായ മററനവധി ശക്തികൾ പരിഷ്കൃതമനുഷ്യന്റെ മനസ്സിൽ അലയടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതിനുള്ള ആകാംക്ഷ, വിജയത്തിനും, ബഹുമാനത്തിനും, പ്രതാപത്തിനുമുള്ള അഭിനിവേശം, അവമാനഭീതി, സ്വരാജ്യത്തിന്റെ പൌരുഷം പരിപാലിക്കാൻ ഉൽക്കണ്ഠ വഴി വിഴച്ചതെങ്കിലും ഉൽക്കടമായ ദേശഭക്തി മുതലായവ ഈവിധത്തിൽ യുദ്ധോല്പാദകമായി പ്രവർത്തിക്കുന്നശക്തിവിശേഷങ്ങളാണ്.

ആധുനികസമുദായത്തിന്റെ ഘടനനിമിത്തം വ്യക്തികളുടെ ഇടയിൽ സമരത്തിനുള്ള സൌകര്യം വളരെ വിരളമാണ്. തന്മൂലം മനുഷ്യന്റെ ഊർജ്ജസ്വലശക്തി കുപ്പിയിലടച്ചതുപോലെ, അക്ഷമയോടുകൂടി അവന്റെ ഉള്ളിൽ തന്നെ തടങ്കലനുഭവിക്കുന്നു. സമാധാനകാലത്തു പ്രവർത്തനസൌകര്യമില്ലാത്ത ഈ പ്രതിബദ്ധശക്തിതന്നെയാണ്, യുദ്ധാരംഭത്തിൽ ജനസമുദായം പ്രകടിപ്പിക്കുന്ന ഉത്സാഹപ്രകർഷത്തിന്റെ ഊർജ്ജസ്വലാംശം.

വിജയം, ബഹുമാനം, പ്രതാപം ഇവയ്ക്കുള്ള ആഗ്രഹം മനുഷ്യന്റെ പ്രവൃത്തികൾക്കു എല്ലായ്പോഴും ഉൽക്കടമായ പ്രചോദനം നൽകുന്നുണ്ട്. യുദ്ധസംബന്ധമായ ധീരകൃത്യങ്ങളാൽ ഈ മേന്മകൾ നേടി ലോകബഹുമാനത്തിനു പാത്രമാകാനുള്ള മോഹവും മനുഷ്യനെ യുദ്ധത്തിലേക്കു വലിച്ചിഴക്കുന്ന ശക്തിവിശേഷം തന്നെയാണ്.

സമരത്തെ സ്വാഗതം ചെയ്വാൻ മനുഷ്യർക്കു പ്രേരണനരാകുന്ന മറെറാരു സ്വഭാവവിശേഷം അവമാനഭീതിയാണ്. സമാധാനപരമായി കാര്യങ്ങൾ ഒതുക്കാൻ കൂടിയാലോചനകൾക്കു വഴിപ്പെടുന്നതു്, ഭീരുത്വവും ദൗർബ്ബല്യതയുമാണെന്നാണ് ഇക്കൂട്ടരുടെ വിശ്വാസം. നട്ടെല്ലില്ലാത്തവരെന്ന് അധിക്ഷിപ്തരാകുമെന്നുള്ള ഭയമാണ് ഇവരെ യുദ്ധരംഗത്തിലേക്കു പായിക്കുന്നതു്. സ്വകീയമായ ധീരതകൊണ്ടു വിജയം കരസ്ഥമാക്കുന്നതാണ് സ്വരാജ്യാഭിമാനത്തിനനുരൂപമെന്നുള്ള സുദൃഢവിശ്വാസം സമാധാനത്തിന്റെ പന്ഥാവിൽനിന്നു ഇവരെ അതിദൂരം വ്യതിചലിപ്പിക്കുന്നു. സ്വരാജ്യത്തിന്റെ പൌരുഷം അഭംഗമായി പുലർത്താനുള്ള അത്യൽക്കണ്ഠനിമിത്തം യുക്തിയുക്തമായ ചിന്തക്കു അസമർത്ഥരായി യുദ്ധാഗ്നിയിലേക്കു പറന്നുപോകുന്ന ഇക്കൂട്ടർ സഹതാപാർഹരാണ്. സ്വരാജ്യസ്നേഹത്തിന്റെ വഴിപിഴച്ച രൂപം ഏകദേശം മതതൃഷ്ണയോളം തന്നെ ഉൽക്കടമായിത്തീർന്നിട്ടുണ്ട്. സ്വഭാവത്തിലും പ്രവർത്തനത്തിലും അതു മിക്കവാറും മതപരമായ ആവേശത്തോടു സമാനമാണെന്നു തന്നെ പറയാം. ചോദ്യാതീതമായ നിസ്സ്വാർത്ഥതയ്ക്കു വിളനിലമാണ് ഈ വികാരമെന്നുള്ളതിനു സംശയമില്ല. എന്നിരുന്നാലും അതു വഴിപിഴച്ചതും, ഇടുങ്ങിയതുമായ ഒരു വീക്ഷണത്തിൽ അടിയുറച്ചിരിക്കുന്നതാണെന്നു വിസ്മരിക്കാൻ പാടില്ലാത്തതാണ്. സ്വദേശത്തിനുവേണ്ടി ഉന്നതമായ ആത്മബലിയിലേക്കു മനുഷ്യനെ ഉയർത്താൻ അതിനുകഴിയുമെങ്കിൽ നിരവധി നിണപ്പുഴകൾ ഒഴുക്കുന്നതിനുള്ള സാധ്യതയും അപകടകരമായി അതിൽ അടങ്ങിയിട്ടുണ്ടെന്നു നാം കണ്ടുകഴിഞ്ഞു

യുദ്ധോല്പാദകങ്ങളായി മനുഷ്യമനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തിമത്തായ ചില കാരണങ്ങൾ ഉണ്ടെന്നു മുകളിൽ പ്രതിപാദിച്ചതുകൊണ്ട്, യുദ്ധനിവാരണം അസാദ്ധ്യമാണെന്നു കരുതേണ്ടതില്ല. പ്രസ്തുതകാരണങ്ങളെ സ്പർശിക്കാതിരിക്കുന്ന ശ്രമങ്ങൾ പൂർണ്ണഫലത്തിൽ എത്തിച്ചേരുകയില്ലെന്നു മാത്രമെ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. ദീർഘകാലം നീണ്ടുനിന്ന ഒരു യുദ്ധത്തിനുശേഷം, തളർന്നു കിടക്കുന്ന ജനങ്ങൾ, യുദ്ധം ഇനി ഒരിക്കലും വേണ്ടെന്നു പറയുകയാണെങ്കിൽ, മനഃശാസ്ത്രജ്ഞന്മാർ അതു വിശ്വസിക്കുകയില്ല. അതു മാനസികമായ ഒരു മാററമല്ല; കേവലമായ ഒരു കായികപരിണാമം മാത്രമാണെന്നേ കരുതേണ്ടതൊള്ളു. ബാഹ്യമായ ആ യുദ്ധബഹിഷ്കരണമുറവിളിയെ വിശ്വസിക്കാതെ, മനുഷ്യന്റെ മനസ്സിൽ തളർന്നു കിടക്കുന്ന യുദ്ധവാസനകളെ തേടിതിരഞ്ഞു, അവയെ നശിപ്പിക്കുന്നതിനോ സംസ്കരിക്കുന്നതിനോ സന്നദ്ധമായുള്ള യുദ്ധനിവാരണശ്രമമാണ് ഇന്നാവശ്യം. പരസ്പരനാശത്തിലേക്കു മനുഷ്യരെ വലിച്ചിഴച്ചു കൊണ്ടുപോകുന്ന. ഈ ദുഷിച്ച യുദ്ധവാസനകളെ സംസ്കാരത്തിന്റെ സമാധാനമാർഗ്ഗങ്ങളിലേക്കു തിരിച്ചുവിടാൻ സാധിക്കുന്നതാണ്. യുദ്ധവിരാമശ്രമത്തിന്റെ സ്ഥായിയായ സാഫല്യം അതിൽതന്നെയാണ് സ്ഥിതിചെയ്യുന്നതു. ശരിയെന്നു പഠിച്ചുവച്ചിരിക്കുന്ന പലതും മറക്കണമെന്നു നിഷ്കർഷിക്കുന്ന ഒരു വിദ്യാഭ്യാസരീതിയുടെ, നിശിതമായ ശിക്ഷണമാണ് ഇതിനുള്ള ഒരു മാർഗ്ഗം. അന്തർദ്ദേശീയമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിനു, 'കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്നുള്ള തത്വം സ്വീകരിക്കുന്നതു അപരിഷ്കൃതമാണെന്നുള്ള ബോധം മനുഷ്യന്റെ എല്ലാ പ്രവൃത്തികൾക്കും അടിത്തട്ടായിത്തീരണം. വ്യക്തികളെ സംബന്ധിച്ചിടത്തോളം, ഈ തത്വം അപരിഷ്കൃതമാണെന്നു തന്നെ എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇല്ലെങ്കിൽ കോടതികളുടെ ആവശ്യം ഉണ്ടാകുകയില്ലായിരുന്നു. അതുകൊണ്ടു രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളവും, ഈ കാട്ടുനിയമം മാറിപ്പോകുമെന്നും, കൂടിയാലോചനകൾകൊണ്ടു കാര്യങ്ങൾ ഒതുക്കുന്ന രീതി സർവ്വസാധാരണമാകുമെന്നും ന്യായമായി പ്രത്യാശിക്കാം. ഈ പ്രത്യാശയുടെ സാഫല്യത്തിനുവേണ്ടി മാനവസമുദായത്തെ പുതിയ ഒരടിസ്ഥാനത്തിൽ ശിക്ഷണം ചെയ്യേണ്ടിയിരിക്കുന്നു. ഏതു യുദ്ധവിരാമശ്രമത്തിന്റെയും ഒരു പ്രധാനാംശം അതായിരിക്കയുംവേണം.

(മലയാള രാജ്യം തിങ്കളാഴ്ചപ്പതിപ്പ്.)

* ബട്രാൻസ് റസ്സലിനെ പിൻതുടർന്നു.

## നാരായണൻ നായക്കു മിലിട്ടറി മെഡൽ

ബർമ്മയിൽ പരാക്രമത്തിന്നു നൽകിയ ബഹുമതികളിലൊന്നാണ് തെക്കെ മലബാറിൽ എഴവന്തല അംശത്തിലെ സാപ്പർ നാരായണൻ നായക്കു നൽകപ്പെട്ട മിലിട്ടറി മെഡൽ.

ജപ്പാൻകാർക്കെതിരേയുള്ള യുദ്ധത്തിൽ അനന്യസാധാരണമായ ധൈര്യവും പരാക്രമവും ഇദ്ദേഹം പ്രദർശിപ്പിച്ചു. ഒരിക്കൽ സ്വയാഭിപ്രായത്തോടെ മാത്രം, കാലാൾപ്പടയ്ക്കു മുന്നിൽപ്പോയി അദ്ദേഹം ബൂബിട്രാപ്പുകളും മൈനുകളും നീക്കം ചെയ്തു. അദ്ദേഹത്തിന്റെ ധൈര്യവും പരാക്രമവും ആ വിഭാഗത്തിലുള്ള മററു പേരെക്കൂടെ പ്രചോദിതരാക്കിയിട്ടുണ്ട്.

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

## നാട്ടിൻപുറത്തുനിന്നു്

(എ. പി. ഗോവിന്ദൻ നായർ.)

മലയാളത്തിൽ റേഷൻ വന്നതു ഗുണമായെന്നാലും
വലിയൊരു ലാഭം വ്യാപാരികൾക്കുണ്ടായതു നിർത്തേണം.

മണ്ണെണ്ണയ്ക്കൊരു റേഷൻവിതരണ കാർഡുണ്ടെന്നാലും-
ടിന്നുകളോരൊന്നായിക്കള്ള ചന്തയിൽ വില്ക്കുന്നു.

എണ്ണയിലളവും, തൂക്കം കുറവും കണ്ടുപറഞ്ഞെന്നാ
ലെണ്ണയുമില്ല ചക്കരയില്ല കാർഡു മടക്കീടും.

തൊഴിലാളികളും, സാധു ജനങ്ങളുമരിശം കൊണ്ടാലും
അഴിമതിതീർത്താൻ കഴിവില്ലാതവരക്ഷമരാകുന്നു.

ഭക്ഷണസാധനമിങ്ങനെ വിതരണചട്ടം തെറ്റിച്ചാൽ
ശിക്ഷകൾ നൽകണമെല്ലാവർക്കും നിഷ്ഠുരമാംമട്ടിൽ.

കഷ്ടം! ജനതയെ പട്ടിണിയിട്ടു പൊരിച്ചീടുന്നോരി
ദുഷ്ടന്മാരാം കച്ചോടക്കാരഞ്ചാം പത്തിക്കാർ.

നാടൻ നാസികൾ നമ്മുടെനാട്ടിൽ കാട്ടും കാർക്കശ്യം
പാടെ മുടിക്കാൻ പാടുപെടേണം പാവപ്പെട്ടോർ നാം!

ഓർക്കാൻ വയ്യാതുള്ളൊരു കള്ളച്ചന്ത നിറുത്തേണം!
വെക്കാനരി കിട്ടാതുള്ളവരുടെ ദുരിതം തീർക്കേണം;
കള്ളച്ചന്ത മുഖാന്തരമുള്ളൊരു കോഴ നിറുത്തേണം
കൊള്ളരുതാതുള്ളഞ്ചാംകോളം തൊള്ള തുറക്കേണം!

പണിചെയ്യുവരെ, സ്നേഹിതരെ, ബഹുപാവപ്പെട്ടവരെ!
ചുണയൊടുകൂടി ട്ടുണിയായ്നിന്നിതിൽ വിജയം നേടേണം.

ചെറുകഥ

# ഒരു സാധാരണ സംഭവം

എം. ഗോപാല മേനോൻ.

ഷോർണ്ണൂരിൽനിന്നു കോഴിക്കോട്ടേയ്ക്കു തീവണ്ടിയിൽ നിങ്ങൾ പോയിട്ടുണ്ടെങ്കിൽ, കുറ്റിപ്പുറത്തിന്നും എടക്കുളത്തിന്നും മദ്ധ്യത്തിൽ ഭാരതപ്പുഴയിൽനിന്നു മൂന്നു ഫർല്ലോങ്ങ് വടക്കു ഭാഗത്തു പാടത്തുവക്കത്തു മരക്കൂടിലുകൾക്കിടയിൽ ഒരു വീടു കാണും. ഒരു പടുകൂറ്റൻ പടിപ്പുരയും കൊളത്തോളയ്ക്കു് പോവുന്ന ആ നടവരമ്പത്തു നിന്നു ഒരു വിളിപ്പാടകലമേയുള്ളു അവിടേയ്ക്കു്. അല്ല, ഇനിയും നിങ്ങൾക്കു മനസ്സിലായില്ലെങ്കിൽ ചെമ്പിക്കൂൽക്കടവത്തു തോണി കുത്തുന്ന ആ മാപ്പിളയോടോ, കാവൽപ്പുരയ്ക്കലിരുന്നു പത്തിരിവിൽക്കുന്ന തള്ള ഉമ്മയോടോ ചോദിച്ചാൽ മതി. അവർ "ആ വീടു കാണിച്ചുതരും. മേനോന്റെ ജനനസ്ഥലമാണതു്.

ആ കുട്ടിയും മറ്റു കുഞ്ഞുങ്ങളെപ്പോലെ ആദ്യം കുറ്റിപ്പുറം സ്കൂളിൽത്തന്നെ ചേർന്നു പഠിച്ചു. ആകപ്പാടെ അവകടക്കാരനല്ലാത്ത ഒരു വിദ്യാർത്ഥി. ഓലക്കുടയും ഭേസി സ്കൂളിൽനിന്നു ആകാൽ ഡസൻ കുഞ്ഞുങ്ങൾ, മേനവനും സഹോദരന്മാരും മടങ്ങിപ്പോവുന്നതു കാണാനൊരു രസമുണ്ടു്. ഒരേ വേഷം, കുറ്റിയായി ക്രോപ്പു ചെയ്തു ശിരസ്സ്, പുസ്തകങ്ങൾ പിടിച്ച ആ രീതി ഇതൊക്കെ ആ കുഞ്ഞുങ്ങൾ തമ്മിലുള്ള ബന്ധമെന്താവുമെന്നു പരസ്യമായി പ്രഖ്യാപിച്ചിരുന്നു.

കാലം കടന്നുപോവുന്ന പല പൂർവ്വസ്മരണകളെയും ചവിട്ടിത്തേച്ചുകൊണ്ടും പുതു സംഭവങ്ങളുടെ വിളകൾ വിതറിക്കൊണ്ടുമാണതിന്റെ പോക്ക്. ഇന്നലത്തെ നാം ഇന്നു തികച്ചും മാറുന്നു. നാളത്തെ സ്ഥിതി എന്തെന്നു ഊഹിച്ചുകൂടാ. ഓരോ വർഷവും അതിന്റെ ഒരായിരം നൂലാമാല പിടിച്ച പ്രശ്നങ്ങളുമായിട്ടാണു് വന്നും പോയിക്കൊണ്ടും ഇരിക്കുന്നതു്.

ഉൾനാടൻ രീതികളുടെ മഹിമകളെപ്പറ്റിയും ഗ്രാമീണ ജീവിതത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയും, തറവാട്ടു സമ്പ്രദായത്തിന്റെ പാവനതയേയും ശാശ്വതതത്വത്തേയും നിങ്ങളെത്രതന്നെ പാടിപ്പുകഴ്ത്തിയാലും വേണ്ടില്ല, അതിലുമുണ്ടു ചില പുഴക്കുത്തുകൾ. അല്ലെങ്കിലെന്തിനാണു് ഗ്രാമീണനായ പിതാവു പുത്രനെ വെറുക്കുന്നതു്? പരിഷ്ക്കാരികളെന്നഭിമാനിക്കുന്ന സഹോദരന്മാർ സ്വന്തം ഉടപ്പിറന്നവരെ പുറത്താക്കുന്നതു? ഒരാൾക്കും തന്റെ വിധിയെ മറ്റൊരാളുടെ മേൽ വെച്ചുകെട്ടുവാൻ അധികാരമില്ല. എന്നിട്ടും അവർ തറവാടിത്തത്തേയും, കൂട്ടുകുടുംബരീതിയെയേയും പുകഴ്ത്തുന്നു. മേനവൻ കുറെ കഷ്ടപ്പെട്ടു, പക്ഷെ അതിന്റെ അനന്തരഫലം നന്മയായിരുന്നു.

നോക്കു അയൽവക്കത്തു ഒരു കൊച്ചുബാലികയുണ്ടു. അവളുടെ വീട്ടുകാരും മേനവന്റെ കുടുംബവും തമ്മിൽ പണ്ടേ പരിചയവും ബന്ധവുമുള്ളവരാണു്താനും പക്ഷെ അയാൾക്കു ആബാലികയോടുപ്രേമം തോന്നുമ്പോൾ, വിവാഹം ചെയ്യണമെന്നു വിചാരിക്കുമ്പോൾ, എന്തിനാണു എല്ലാവരും നെറ്റി ചുളിക്കുന്നതും ദണ്ഡിക്കുന്നതും? എന്റെ സഹചാരിണിയെത്തിരഞ്ഞെടുക്കാൻ, അക്കാര്യത്തിൽ മുഴുവൻ വിധിയും കല്പിക്കാൻ, ആർക്കും അധികാരമില്ല. കാരണം എനിയ്ക്കുല്പം വിവേചനാശക്തിയുണ്ടു്. കറുത്തതു കറുത്തതുതന്നെയാണെന്നു പറയാനുള്ള ധൈര്യവുമുണ്ടു്. മേനവൻ ഈ ദണ്ഡനങ്ങൾക്കൊന്നും വഴിപ്പെട്ടില്ല. ആ ബാലികയെ അയാൾ ഉറ്റു സ്നേഹിച്ചു, അവൾ ആയാളെയും. എത്ര നിർമ്മലവും നിരുപദ്രവകരവുമായ ഒരു കാര്യം!

ഇക്കാലത്തു പഴയ ഭ്രഷ്ട് കല്പിക്കലിന്നും ബഹിഷ്ക്കരണത്തിന്നും വിലയില്ല. ഒരു ചെറുപ്പക്കാരനെ നിങ്ങൾ വീട്ടിൽനിന്നു പുറത്താക്കിയാൽ ആയാൾക്കെന്താണു വരാനുള്ളതു്? ആയിരം ചതുരശ്രവാരയുള്ള ഒരു പറമ്പിൽ അയാൾക്കു ചവിട്ടാൻ പാടില്ല. വേണ്ട; ഈ ലോകം എത്ര വിസ്താരമുള്ളതാണു? എത്രയെത്ര കാര്യങ്ങൾ അവിടെ നടക്കുന്നു? ഇല്ല, മേനവനോടു വീട്ടിൽക്കയറരുതെന്നു പറഞ്ഞതുകൊണ്ടു, ആയാൾക്കൊന്നും തന്നെ നഷ്ടപ്പെട്ടില്ല. മാത്രമല്ല പലതും ആയാൾക്കു നേടാൻ കഴിഞ്ഞു.

കുറച്ചു ദിവസം കുളക്കടവിലും ചന്തയിലും ചായക്കടയിലും അതൊരു സംസാരവിഷയമായി. പലരും വിഭിന്നമായ അഭിപ്രായ ഗതിയുണ്ടായിരുന്നു. കുഞ്ഞിയമ്മ വീട്ടുകാരുടെ ഭാഗം പിടിച്ചു കുട്ടിപ്പെണ്ണു മേനവനെ സഹായിച്ചു സംസാരിച്ചു. നാറമ്പിലെ പാറക്കെട്ടിലിരുന്നുകൊണ്ടു ചെറുപ്പക്കാർ പൊട്ടിച്ചിരിച്ചു. ചെല്ലൂർ ചെരിവിലെ ചായക്കടയിൽനിന്നു തെയ്യുണ്ണി നായരും കുട്ടിരാമൻ നായരുംകൂടി വിവാദമായി. ആരാന്റെ അമ്മയ്ക്കു ഭ്രാന്തയാൽ കാണാൻ രസമല്ലേ?

ആയാൾ ഈ കുസൃതികളിൽനിന്നൊക്കെ രക്ഷപ്പെട്ടു. ഒരു സ്വതന്ത്രനായി; സമരവീരനായി.

പട്ടാളക്കാരൻ എന്നു പറയുമ്പോൾ ചിലർക്കു പേടിയാണു്. ചിലർക്കു ഒരന്തസ്സാണു്. മറ്റു ചിലർക്കു പുച്ഛമാണു്. അതേ, കാളിദാസൻ പറഞ്ഞിട്ടില്ലേ "ഭിന്നരുചിർഹി ലോകഃ." എന്നു്. പക്ഷെ മേനവൻ പട്ടാളക്കാരനായപ്പോൾ, ഒരു നല്ല തുക ശമ്പളം വാങ്ങിത്തുടങ്ങിയപ്പോൾ എല്ലാവർക്കും അതിൽ സന്തുഷ്ടതയുണ്ടായി. "ആ കുട്ടി മിടുക്കനാണു" എന്നു പ്രായം ചെന്നവരും ചെറുപ്പക്കാരും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. പാറുക്കുട്ടിയമ്മയ്ക്കു സന്തോഷമായി, സുഭദ്രയ്ക്കു് അതു സുഖസുഷുപ്തിയ്ക്കു വഴിവെച്ചു, ബാലയാവട്ടെ പരമാനന്ദത്തിന്റെ പരമകാഷ്ഠയിൽ ചാടിക്കയറി, മേനവന്റെ വീട്ടുകാർ പശ്ചാത്തപിച്ചു, അവർക്കു മേനവൻ നല്ലവനായി.

അവർ വിവാഹംചെയ്തു, അതിൽ വല്ല അതിശയവും ഉണ്ടോ? ഉവ്വു്, തീർച്ചയായും വിഷമങ്ങളെ തരണംചെയ്യുക ചെറിയ കൃത്യമല്ല; തെറ്റിദ്ധാരണകളെ അഭിമുഖീകരിക്കാൻ അസാദ്ധ്യമാണു്; പ്രേമത്തിന്റെ വിജയം എപ്പോഴും ഉണ്ടായെന്നു വരില്ല. പക്ഷെ അവയൊക്കെ മേനോനു സാധിച്ചു. നാട്ടിൻപുറങ്ങളിൽ സാധാരണയുണ്ടാവുന്ന ഒരു സംഭവം. പട്ടാളക്കാരിൽ പലർക്കും ഉണ്ടാവുന്ന അനുഭവങ്ങളിലൊന്നു്.

ജനകീയ ഐക്യത്തിന്മേലാണു് നാം നമ്മുടെ സമരത്തെ അധിഷ്ഠിതമാക്കിയിട്ടുള്ളതു്. അതു ഗാർഹിക ഐക്യത്തിന്മേലുംകൂടി വേണം. അപ്പോൾ, നിങ്ങൾക്കെങ്ങിനെ ആയാളെ വെറുക്കാൻ സാധിക്കും? നമ്മുടെ രക്ഷയ്ക്കുവേണ്ടി പൊരുതുന്ന ആ ഭടനെ? സാദ്ധ്യമല്ല. ആയാളുടെ ജിവിത കാര്യങ്ങളെപ്പറ്റി ജിജ്ഞാസയുണ്ടാവും പലർക്കും. അതുകൊണ്ടാണു ഞാനീ കഥ എഴുതുന്നതു്.


## മികച്ച മെഡിക്കൽ ബേസ്

പൌരസ്ത്യരംഗത്തിൽ പൊരുതുന്ന ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായ ഭടന്മാർക്കു വേണ്ട ശുശ്രൂഷകൾ നൽകുന്നതിന്നായി ബങ്കളൂരിൽ ഒരു വമ്പിച്ച ആസ്പത്രി ഈയിടെ ഏർപ്പെടുത്തിയിട്ടുണ്ടു്. ബങ്കളൂരിലെ ജാലഹള്ളിയ്ക്കു് ഇതുമൂലം ഹോസ്പിറ്റൽ ടൌൺ എന്ന പേർ നൽകപ്പെട്ടിരിക്കുന്നു. പൌരസ്ത്യദേശത്തുള്ള ഏറ്റവും വലിയ വൈദ്യകേന്ദ്രമാണിതു്. കഴിഞ്ഞ വ്യാഴാഴ്ച ബങ്കളൂരിലുള്ള പത്രപ്രതിനിധികൾ ഈ കേന്ദ്രം സന്ദർശിക്കുകയുണ്ടായി.


ഇതിൽ ഒമ്പതു ആസ്പത്രികളുണ്ടു്; ഇവ ഓരോന്നും സമാധാനകാലത്തെ ബ്രിട്ടീഷ് ആസ്പത്രികളെക്കാളെല്ലാം വലുതാണു്. അവ ഓരോന്നിലും ആയിരം രോഗികൾക്കു കിടക്കാവുന്നതാണു്. അതിലെ പ്രവർത്തിക്കാരായി ഏതാണ്ടു് 7,000 പേരോളമുണ്ടു്. എട്ടാമത്തെ ആസ്പത്രി ഈ മാസത്തിലും ഒമ്പതാമത്തേതു ഡിസമ്പറിലും നിർമ്മിച്ചു മുഴമിപ്പിക്കുന്നതായിരിക്കും. റെയിൽവെ, സിനിമകൾ, അങ്ങാടികൾ, കളിസ്ഥലങ്ങൾ ഇവയെല്ലാമുള്ള ഒരു നഗരം തന്നെയാണു് ഇതു്.

## കാട്ടിൽ "കപ്പൽനിർമ്മാണശാല"

മദ്രാസുകാരും ബങ്കാളികളുമായ എഞ്ചിനീയർമാർ മോണിവയ്ക്കടുത്തു ചിന്ത്വിൻ നദിക്കരയിലെ മണൽപ്രദേശത്തു ഒരു കപ്പൽനിർമ്മാണസ്ഥലത്തു ബോട്ടുകൾ നിർമ്മിച്ചുവരുന്നു. ഞാൻ ഈ കപ്പൽനിർമ്മാണസ്ഥലം സന്ദർശിച്ചപ്പോൾ തകൃതിയായി അവിടെ പണി നടന്നിരുന്നുവെന്നു ഒരു ഇന്ത്യൻ സൈനിക നിരീക്ഷകൻ പ്രസ്താവിക്കുന്നു.




"ജപ്പാനും അമേരിക്കയും തമ്മിൽ പൊരുതേണ്ടിവന്നതു വലിയ പരിതാപകരം തന്നെയാണ്" —ജപ്പാ പ്രധാനമന്ത്രി സുസുകി




ഈ പടത്തിൽ കാണുന്നതു് മധ്യജപ്പാനാണ്. ബോംബുവർഷത്തിൽ നാശംവന്നു തകൎന്ന സ്ഥലങ്ങളാണ് പേടകത്തിനുള്ളിൽ കാണിച്ചിരിക്കുന്നതു്

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.